5

2022
ഫെബ്രുവരി
ശനി
മകരം 22

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 233 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-233 പേജ് 4. വില 2.00 രൂപ

02 ചൈനീസ് സൈന്യം ഷോക്കടിപ്പിച്ചുവെന്ന് 17കാരന്റെ വെളിപ്പെടുത്തൽ

03 സിൽവർലൈനിന് കേന്ദ്രത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്: ധനമന്ത്രി

04 കെ റെയിൽ: സാമൂഹിക ആഘാത പഠനത്തിനാണ് കല്ലിടുന്നതെന്ന് കോടിയേരി

ഓഫീസുകൾ കയറിയിറങ്ങി മടുത്തു; മത്സ്യത്തൊഴിലാളി ജീവനൊടുക്കി

കൊച്ചി: സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങി മടുത്ത് മത്സ്യത്തൊഴിലാളി ജീവനൊടുക്കി. നോർത്ത് പറവൂർ മാല്യങ്കര സ്വദേശി സജീവനാണ് വീട്ടുപറമ്പിലെ മരക്കൊമ്പിൽ തൂങ്ങി മരിച്ചത്.

ബാങ്ക് വായ്പ് ലഭിക്കുന്നതിനായി ഭൂമി തരം മാറ്റി കിട്ടാൻ അപേക്ഷ നൽകിയ സജീവനെ സർക്കാർ ഉദ്യോഗസ്ഥർ ഏറെ നടത്തിച്ചിരുന്നു. ആധാരത്തിൽ നിലം എന്നുള്ള അഞ്ച് സെൻറ് ഭൂമി, പുരയിടം ആക്കാനായിരുന്നു സജീവൻ സർക്കാർ ഓഫീസുകൾ കയറിയിറങ്ങിയത്.

കൂടാതെ ആർഡിഒ ഓഫീസിലെത്തിയപ്പോൾ ഉദ്യോഗസ്ഥർ അപമാനിച്ച് ഇറക്കിവിട്ടതായും ബന്ധുക്കൾ ആരോപിച്ചു. സർക്കാരിനും സർക്കാർ ഉദ്യോഗസ്ഥർക്കുമെതിരെ കത്തെഴുതി വച്ചാണ് സജീവൻ ജീവനൊടുക്കിയത്.

അതേസമയം, സംഭവത്തിൽ നിയമനടപടികളുമായി മുന്നോട്ടുപോകുമെന്ന് സജീവൻറെ കുടുംബം പറഞ്ഞു.

ആർഡിഒ ഓഫീസിൽ പോയിട്ട് വളരെ വിഷമിച്ചാണ് വന്നത്. പക്ഷേ എന്താണ് കാര്യമെന്ന് പറഞ്ഞില്ല.

എത്രയും പെട്ടന്ന് ഫയലുകൾ നീക്കാനുള്ള തീരുമാനം അവർ എടുക്കണം. ഞങ്ങളുടെ പണമാണ് അവർക്ക് ശമ്പളമായി ലഭിക്കുന്നത്. ജനങ്ങളോട് നീതികാണിക്കണം. ഒരു സാധാരണക്കാരനും ഇനി ഇത്തരം ബുദ്ധിമുട്ടുകൾ ഉണ്ടാകരുത് സജീവൻറെ മകൾ പറഞ്ഞു.

ഉന്നതതല അന്വേഷണം നടത്തുമെന്ന് മന്ത്രി

പറവൂരിൽ മത്സ്യത്തൊഴിലാളി ജീവനൊടുക്കിയ സംഭവത്തിൽ ഉന്നതതല അന്വേഷണം നടത്തുമെന്ന് റവന്യമന്ത്രി കെ. രാജൻ. റവന്യു വകുപ്പിന് വീഴ്ചയുണ്ടായോ എന്ന് പരിശോധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ലാൻഡ് റവന്യു ജോയിൻറ് കമ്മീഷണർക്കാണ് അന്വേഷണ ചുമതല. ഒരാഴ്ചയ്ക്കുള്ളിൽ അന്വേഷണം പൂർത്തിയാക്കും. കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

നോർത്ത് പറവൂർ മാല്യങ്കര സ്വദേശി സജീവനാണ് വീട്ടുപറമ്പിലെ മരക്കൊമ്പിൽ തൂങ്ങി മരിച്ചത്. ബാങ്ക് വായ്പ് ലഭിക്കുന്നതിനായി ഭൂമി തരം മാറ്റികിട്ടാൻ അപേക്ഷ നൽകിയ സജീവനെ സർക്കാർ ഉദ്യോഗസ്ഥർ ഏറെ നടത്തിച്ചിരുന്നു. ആധാരത്തിൽ നിലം എന്നുള്ള അഞ്ച് സെൻറ് ഭൂമി, പുരയിടം ആക്കാനായിരുന്നു സജീവൻ സർക്കാർ ഓഫീസുകൾ കയറിയിറങ്ങിയത്.

കൂടാതെ ആർഡിഒ ഓഫീസിലെത്തിയപ്പോൾ ഉദ്യോഗസ്ഥർ അപമാനിച്ച് ഇറക്കിവിട്ടതായും ബന്ധുക്കൾ ആരോപിച്ചു. സർക്കാരിനും സർക്കാർ ഉദ്യോഗസ്ഥർക്കുമെതിരെ കത്തെഴുതി വച്ചാണ് സജീവൻ ജീവനൊടുക്കിയത്.

അതേസമയം, സംഭവത്തിൽ നിയമനടപടികളുമായി മുന്നോട്ടുപോകുമെന്ന് സജീവൻറെ കുടുംബം പറഞ്ഞു. ആർഡിഒ ഓഫീസിൽ പോയിട്ട് വളരെ വിഷമിച്ചാണ് വന്നത്. പക്ഷേ എന്താണ് കാര്യമെന്ന് പറഞ്ഞില്ല. എത്രയും പെട്ടന്ന് ഫയലുകൾ നീക്കാനുള്ള തീരുമാനം അവർ എടുക്കണം. ഞങ്ങളുടെ പണമാണ് അവർക്ക് ശമ്പളമായി ലഭിക്കുന്നത്. ജനങ്ങളോട് നീതികാണിക്കണം. ഒരു സാധാരണക്കാരനും ഇനി ഇത്തരം ബുദ്ധിമുട്ടുകൾ ഉണ്ടാകരുത് സജീവൻറെ മകൾ പറഞ്ഞു.

അന്വേഷണം വേണമെന്ന് പ്രതിപക്ഷനേതാവ്

പറവൂരിൽ മത്സ്യത്തൊഴിലാളി ജീവനൊടുക്കിയ സംഭവത്തിൽ പ്രതികരണവുമായി പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. ഫോർട്ട് കൊച്ചി ആർഡിഒ ഓഫീസിലെ ക്രമക്കേടുകളിൽ അന്വേഷണം വേണം. ഇനിയൊരു സജീവൻ ഉണ്ടാകരുത് വിഷയം നിയമസഭയിൽ ഉന്നയിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

അതേസമയം, സംഭവത്തിൽ നിയമനടപടികളുമായി മുന്നോട്ടുപോകുമെന്ന് സജീവൻറെ കുടുംബം പറഞ്ഞു. ആർഡിഒ ഓഫീസിൽ പോയിട്ട് വളരെ വിഷമിച്ചാണ് വന്നത്. പക്ഷേ എന്താണ് കാര്യമെന്ന് പറഞ്ഞില്ല. എത്രയും പെട്ടന്ന് ഫയലുകൾ നീക്കാനുള്ള തീരുമാനം അവർ എടുക്കണം. ഞങ്ങളുടെ പണമാണ് അവർക്ക് ശമ്പളമായി ലഭിക്കുന്നത്. ജനങ്ങളോട് നീതികാണിക്കണം. ഒരു സാധാരണക്കാരനും ഇനി ഇത്തരം ബുദ്ധിമുട്ടുകൾ ഉണ്ടാകരുത് സജീവൻറെ മകൾ പറഞ്ഞു.

ആധാരത്തിൽ നിലം എന്നുള്ള അഞ്ച് സെൻറ് ഭൂമി, പുരയിടം ആക്കാനായിരുന്നു സജീവൻ സർക്കാർ ഓഫീസുകൾ കയറിയിറങ്ങിയത്.

കൂടാതെ ആർഡിഒ ഓഫീസിലെത്തിയപ്പോൾ ഉദ്യോഗസ്ഥർ അപമാനിച്ച് ഇറക്കിവിട്ടതായും ബന്ധുക്കൾ ആരോപിച്ചു. സർക്കാരിനും സർക്കാർ ഉദ്യോഗസ്ഥർക്കുമെതിരെ കത്തെഴുതി വച്ചാണ് സജീവൻ ജീവനൊടുക്കിയത്.

വീഴ്ചയുണ്ടായിട്ടില്ലെന്ന് സബ്കളക്ടറുടെ റിപ്പോർട്ട്

കൊച്ചി: ഒന്നര വർഷം ശ്രമിച്ചിട്ടും ഭൂമി തരംമാറ്റി കിട്ടാത്തതിൽ മനംനൊന്ത് മത്സ്യത്തൊഴിലാളി തൂങ്ങി മരിച്ച സംഭവത്തിൽ സർക്കാരിന് വീഴ്ചയുണ്ടായിട്ടില്ലെന്ന് ഫോർട്ട് കൊച്ചി സബ്കളക്ടർ. സജീവൻറെ അപേക്ഷയിൽ ചട്ടപ്രകാരം നടപടിയെടുത്തതാണെന്നും കളക്ടർക്കു നൽകിയ റിപ്പോർട്ടിൽ സബ്കളക്ടർ വിശദീകരിച്ചു.

ഭൂമിതരംമാറ്റത്തിന് അപേക്ഷലഭിച്ചത് 2021 ഫെബ്രുവരി 18 ന് ആയിരുന്നു. ഒക്ടോബർ 27 ന് ഫീസ് അടയ്ക്കാൻ നിർദേശം നൽകി കത്തയച്ചു.

എന്നാൽ കത്തിനോട് സജീവൻ പ്രതികരിച്ചില്ല ഫീസ് ഈടാക്കുന്നതിൽ സർക്കാർ വ്യക്തത വരുത്തിയിരുന്നു. ഇതനുസരിച്ചുള്ള ഇളവിനും സജീവൻ അപേക്ഷിച്ചില്ല. സജീവിൻറെ അപേക്ഷ 2021 ലേത് ആയതിനാൽ അദാലത്തുകളിൽ പരിഗണിച്ചില്ലെന്നും റിപ്പോർട്ട് പറയുന്നു.

ദിലീപിൻെറ മുൻകൂർ ജാമ്യാപേക്ഷയിൽ വിധി തിങ്കളാഴ്ച

കൊച്ചി: നടിയെ ആക്രമിച്ച കേസിലെ അന്വേഷണ ഉദ്യോഗസ്ഥരെ വധിക്കാൻ ഗൂഢാലോചന നടത്തിയെന്ന കേസിൽ നടൻ ദിലീപ് നൽകിയ മുൻകൂർ ജാമ്യാപേക്ഷയിൽ വിധി തിങ്കളാഴ്ച. കേസിൽ ഹൈക്കോടതിയിൽ വാദം പൂർത്തിയായി. തിങ്കളാഴ്ച രാവിലെ 10.15ന് കോടതി ജാമ്യാപേക്ഷയിൽ വിധി പുറപ്പെടുവിക്കും.

പ്രതിഭാഗത്തോട് എന്തെങ്കിലും എഴുതിത്തരാനുണ്ടെങ്കിൽ ശനിയാഴ്ച തന്നെ നൽകണമെന്ന് കോടതി ആവശ്യപ്പെട്ടു. അതേസമയം അന്വേഷണവുമായി പൂർണമായി സഹകരിച്ചിട്ടുണ്ടെന്ന് ദിലീപ് കോടതിയെ അറിയിച്ചു.

മൂന്ന് ദിവസം ചോദ്യം ചെയ്തപ്പോൾ ഫോൺ ചോദിച്ചില്ല. ബാലചന്ദ്രകുമാറിന് എത്ര ഓഡിയോ ക്ലിപ് വേണമെങ്കിലും ഉണ്ടാക്കാമെന്നും ദിലീപ് പറഞ്ഞു. കുറ്റസമ്മതം നടത്താൻ പോലീസ് ആവശ്യപ്പെട്ടു. 33 മണിക്കൂർ ചോദ്യം ചെയ്തിട്ടും പോലീസിന് ഒന്നും കിട്ടിയില്ല. കസ്റ്റഡിയിൽ കിട്ടിയാൽ വ്യാജ തെളിവുള്ള എന്തെങ്കിലും ഒരു ഉപകരണം പോലീസ് കണ്ടെടുക്കുമെന്നും ദിപീപ് പറഞ്ഞു.

അതേസമയം ഡിവൈഎസ്പി ബൈജു പൗലോസും സംവിധായകൻ ബാലചന്ദ്രകുമാറും തമ്മിൽ ബന്ധമില്ലെന്നും നടൻ ദിലീപിന് ജാമ്യത്തിന് അർഹതയില്ലെന്നും പ്രോസിക്യൂഷൻ കോടതിയിൽ വാദിച്ചു. സമാനതകളില്ലാത്ത കുറ്റകൃത്യത്തിൽ നിന്നാണ് കേസിൻറെ തുടക്കം. സഹപ്രവർത്തകയെ പീഡിപ്പിച്ചതിൻറെ ദൃശ്യങ്ങൾക്കായി ക്വട്ടേഷൻ നൽകിയ ആളാണ് ദിലീപെന്നും പ്രോസിക്യൂഷൻ പറഞ്ഞു. ഇന്ത്യൻ ശിക്ഷാ നിയമം തയാറാക്കിയവർ പോലും ചിന്തിക്കാത്ത കുറ്റം ചെയ്തയാളാണ് ദിലീപ്. ബ്ലാക് മെയിൽ ചെയ്യാനാണ് ഇയാൾ സഹപ്രവർത്തകയെ പീഡിപ്പിക്കുന്ന ദൃശ്യങ്ങൾ പകർത്താൻ ക്വട്ടേഷൻ നൽകിയത്. ദൃശ്യങ്ങൾ പകർത്തുകയെന്നത് നടപ്പാക്കുകയും ചെയ്തു. ദിലീപ് എത്ര ദുഷ്ടബുദ്ധിയാണെന്ന് ഇതിൽനിന്നു വ്യക്തമാണെന്നും ജാമ്യാപേക്ഷയെ എതിർത്തുകൊണ്ട് ഡയറക്ടർജനറൽ ഓഫ് പ്രോസിക്യൂഷൻ ടി.എ. ഷാജി പറഞ്ഞിരുന്നു.

മുല്ലപ്പെരിയാർ: സുരക്ഷാ പരിശോധന നടത്തുന്നതിനെ എതിർത്ത് തമിഴ്നാട്

ന്യൂഡൽഹി: മുല്ലപ്പെരിയാർ അണക്കെട്ടും ബേബി ഡാമും നിലനിർത്താനുള്ള നടപടികൾക്ക് കേരളം തടസം നിൽക്കുകയാണെന്ന് തമിഴ്നാട്. ഡാമിന് പരിസരത്തുള്ള മരങ്ങൾ മുറിക്കാനും അപ്രോച്ച് റോഡിൻറെ അറ്റകുറ്റപ്പണികൾക്കായും അനുമതി നൽകുന്നില്ലെന്നും തമിഴ്നാട് സുപ്രീംകോടതിയിൽ വ്യക്തമാക്കി. മുല്ലപ്പെരിയാറിൽ പുതിയ സുരക്ഷാ പരിശോധന നടത്തണമെന്ന നിർദേശത്തെയും തമിഴ്നാട് എതിർത്തു. കേന്ദ്ര ജലകമ്മീഷൻ മുന്നോട്ടുവച്ച നിർദേശത്തെ എതിർത്തുകൊണ്ടാണ് തമിഴ്നാട് സുപ്രീംകോടതിയിൽ മറുപടി നൽകിയത്. സീപ്പേജ് അളവ് അനുവദനീയമായ നിലയിൽ തന്നെയാണ്.

ലോകായുക്ത വിധിയോടെ കാര്യങ്ങൾക്കു കൃത്യതയായി: മന്ത്രി ആർ. ബിന്ദു

കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ നിയമനം സംബന്ധിച്ച ഹർജിയിൽ ലോകായുക്തയുടെ വിധി വന്നതോടെ ഇതുമായി ബന്ധപ്പെട്ട ആരോപണങ്ങൾ വസ്തുതാവിരുദ്ധമാണെന്നതിൽ കൃത്യതയായെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു. രണ്ടു മാസമായി പ്രതിപക്ഷവും മാധ്യമങ്ങളും ചേർന്നു വലിയ നിലയിലുള്ള ആരോപണ സമുച്ചയം തീർക്കുകയായിരുന്നെന്നും കാള പെറ്റെന്നു കേൾക്കുമ്പോൾ കയറെടുക്കുന്ന രീതി പ്രതിപക്ഷത്തിനും മാധ്യമങ്ങൾക്കും ചേർന്നതല്ലെന്നും മന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

വി.സി. നിയമനം സംബന്ധിച്ച വിവാദങ്ങളോടു പലവട്ടം പ്രതികരിച്ചെങ്കിലും വീണ്ടും ആരോപണ പരമ്പരകളുമായി ചിലർ മുന്നോട്ടുപോകുകയായിരുന്നു. കാര്യങ്ങൾ വിശദമായി പഠിക്കാതെയുള്ള പ്രസ്താവനകൾ ഭൂഷണമല്ല. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്രവും സമൂലവുമായ മാറ്റമുണ്ടാക്കാമെന്ന ദൃഢനിശ്ചയത്തോടെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർക്കാർ നടത്തുന്ന ശ്രമങ്ങൾക്കു മുന്നിൽനിന്നു പ്രവർത്തിക്കേണ്ട ചുമതലയാണ് ഉന്നതവിദ്യാഭ്യാസ മന്ത്രിക്കുള്ളത്.

സ്കൂളുകളും കോളജുകളും ആരാധനാലയങ്ങളും തുറക്കും; നിയന്ത്രണങ്ങൾ നീക്കി സർക്കാർ

തിരുവനന്തപുരം: കോവിഡ് വ്യാപനത്തെ തുടർന്ന് അടച്ച കോളജുകളും സ്കൂളുകളും ആരാധനാലയങ്ങളും വീണ്ടും തുറക്കാൻ തീരുമാനമായി. അവലോകന യോഗത്തിലാണ് ഇക്കാര്യത്തിൽ തീരുമാനമുണ്ടായത്.

കോളജുകൾ ഈ മാസം ഏഴിനും സ്കൂളുകൾ 14ാം തീയതിയും തുറക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. മൂന്നാം തരംഗത്തിൽ വ്യാപനം കൂടിയതോടെയാണ് ഒന്ന് മുതൽ ഒൻപത് വരെയുള്ള ക്ലാസുകൾ ഓൺലൈനിലേക്ക് മാറ്റിയിരുന്നത്.

സി കാറ്റഗറിയിലുള്ള ജില്ലകളിലെ ആരാധനാലയങ്ങളിലാണ് പ്രവേശന വിലക്ക് നിലനിന്നിരുന്നത്. ഞായറാഴ്ച ലോക്ഡൗൺ മൂലം ആരാധനാലയങ്ങളിൽ ചടങ്ങുകൾക്കും നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ഈ തീരുമാനമാണ് പിൻവലിച്ചത്.

ഇനി ഞായറാഴ്ചകളിൽ ആരാധനാലയങ്ങളിൽ ചടങ്ങുകൾ നടത്താം. 20 പേരെയാണ് അനുവദിക്കുക. ആരാധനാലയങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം നീക്കണമെന്ന് കെസിബിസിയും വിവിധ ക്രൈസ്തവ സംഘടനകളും സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

ആറ്റുകാൽ പൊങ്കാല വീടുകളിൽ നടത്താൻ നിർദേശിക്കാനും ക്ഷേത്ര പരിസരത്ത് 200 പേരെ മാത്രമേ അനുവദിച്ചാൽ മതിയെന്നും അവലോകനയോഗം തീരുമാനിച്ചു. നിലവിൽ കടുത്ത നിയന്ത്രണമുള്ള സി വിഭാഗത്തിൽ നിന്നും നാല് ജില്ലകളെ ഒഴിവാക്കി. കോട്ടയം, ഇടുക്കി, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളെയാണ് ഒഴിവാക്കിയത്. കൊല്ലം ജില്ല മാത്രമാണ് നിലവിൽ സി വിഭാഗത്തിലുള്ളത്.

ജില്ലകളുടെ കാറ്റഗറിയിൽ മാറ്റം വന്നിട്ടുണ്ട്. 'സി' കാറ്റഗറിയിൽ കൊല്ലം ജില്ല മാത്രമാണുള്ളത്. കാറ്റഗറി 'ബി' യിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളാണുള്ളത്. മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകൾ കാറ്റഗറി 'എ' യിൽപ്പെടും. കാസർഗോഡ് ഒരു കാറ്റഗറിയിലും വരുന്നില്ല.

ഒരു സ്ത്രീ എന്ന നിലയിൽ തന്നെ ചൂഷണം ചെയ്തു, താൻ ഒരു ഇരയാണെന്ന് സ്വപ്ന സുരേഷ്

തിരുവനന്തപുരം: എം. ശിവശങ്കറിനെതിരെ രൂക്ഷവിമർശനവുമായി സ്വർണക്കടത്ത് കേസിലെ പ്രതിയായ സ്വപ്ന സുരേഷ്. ഒരു സ്ത്രീ എന്ന നിലയിൽ തന്നെ ചൂഷണം ചെയ്ത് നശിപ്പിച്ചു. തന്നെ നശിപ്പിച്ചതിലും ഇങ്ങനെയാക്കിയതിലും ശിവശങ്കറിന് വലിയ ഉത്തരവാദിത്വമുണ്ടെന്ന് സ്വപ്ന പറഞ്ഞു.

താൻ ഒരു ഇരയാണ്. എനിക്ക് അറിയാവുന്ന എല്ലാകാര്യങ്ങളും താൻ ആരോടും പറഞ്ഞിട്ടില്ല. തൻറെ വ്യക്തിത്വം ചോദ്യം ചെയ്യുന്ന തരത്തിൽ എഴുതിയെങ്കിൽ മോശമാണ്. ശിവശങ്കർ തൻറെ ജീവിതത്തിൽ സുപ്രധാന ഭാഗമായ ആളാണ്. സുപ്രധാന തീരുമാനങ്ങളെടുത്തത് ശിവശങ്കറിൻറെ നിർദേശപ്രകാരമാണ്. ശിവശങ്കർ പറഞ്ഞത് അതേപടി കേട്ടാണ് മുന്നോട്ടു പോയതെന്നും ജൂലൈ അഞ്ച് വരെയുള്ള എല്ലാം ശിവശങ്കറിന് അറിയാമായിരുന്നുവെന്നും സ്വപ്ന പറഞ്ഞു.

താൻ ചതിച്ചെന്ന് ശിവശങ്കർ പറയുമെന്ന് കരുതിയില്ല. തൻറെ വ്യക്തിത്വം ചോദ്യം ചെയ്ത് ആരും ക്ലീൻ ചിറ്റ് നേടേണ്ട. താൻ മാത്രം നല്ലത് എന്ന് വരുത്താൻ ശ്രമിക്കുന്നത് നല്ലതാണോ എന്നും സ്വപ്ന ചോദിച്ചു. ശിവശങ്കർ രചിച്ച അശ്വത്ഥാമാവ് വെറുമൊരു ആന എന്ന പുസ്തകത്തിൻറെ പശ്ചാത്തലത്തിലായിരുന്നു സ്വപ്നയുടെ തുറന്നുപറച്ചിൽ. അനധികൃത ഇടപാടുകൾ ശിവങ്കർ അറിഞ്ഞാണ്. യുഎഇ കോൺസുലേറ്റിലെ അനധികൃത ഇടപാടുകൾ ശിവശങ്കറിന് അറിയാം. അതിനാൽ ജോലി മാറാൻ നിർദേശിച്ചു. ഐഫോൺ കൊടുത്ത് ശിവശങ്കറിനെ ചതിക്കേണ്ട കാര്യം തനിക്കില്ല. ഐ ഫോണുകൾ യൂണിടാക് സ്പോൺസർ ചെയ്തായിരുന്നു. അതിലൊന്ന് ശിവശങ്കറിന് നൽകാൻ പറഞ്ഞതായിരുന്നു. അന്ന് അദ്ദേഹം അത് വാങ്ങിച്ചില്ല. പിന്നീട് അദ്ദേഹത്തിന് വീട്ടിൽ വന്നപ്പോൾ ഫോൺ കൊടുത്തു. ജന്മദിനത്തിൽ ഫോൺ മാത്രമല്ല ഒരുപാട് സാധങ്ങൾ കൊടുത്തിട്ടുണ്ട്. ശിവശങ്കർ എന്ന ഐഎഎസ് ഓഫീസറിൻറെ പ്രോട്ടോക്കോൾ തനിക്കറിയില്ലെന്നും സ്വപ്ന കൂട്ടിച്ചേർത്തു.

ക്യാൻസർ ചികിത്സാ രംഗത്തെ വെല്ലുവിളി നേരിടാൻ ക്രിയാത്മക ഇടപെടൽ: മന്ത്രി

ക്യാൻസർ രോഗ ചികിത്സാ രംഗത്തെ വെല്ലുവിളികൾ നേരിടുന്നതിന് സർക്കാർ ക്രിയാത്മക ഇടപെടലുകൾ നടത്തി വരികയാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പ്രതിവർഷം 60,000ത്തോളം ക്യാൻസർ രോഗികളാണ് സംസ്ഥാനത്ത് പുതുതായി രജിസ്റ്റർ ചെയ്യുന്നത്. വർദ്ധിച്ചു വരുന്ന ഈ രോഗബാഹുല്യത്തെ തടയുന്നതിനായി ആരോഗ്യ വകുപ്പ് ക്യാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാൻ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ക്യാൻസർ രോഗ നിയന്ത്രണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ഒരു ക്യാൻസർ ബോർഡ് രൂപീകരിക്കുകയും ഈ രംഗത്തെ വിദഗ്ദ്ധരുടെ സേവനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ചികിത്സയ്ക്കും പ്രതിരോധത്തിനും ബോധവത്ക്കരണത്തിനും ഒരുപോലെ പ്രാധാന്യം നൽകി വരുന്നു. ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതിനും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നതായും മന്ത്രി വ്യക്തമാക്കി.

എല്ലാ വർഷവും ഫെബ്രുവരി നാലിന് ലോക ക്യാൻസർ ദിനമായി ആചരിച്ചു വരുന്നു. ഈ വർഷത്തെ ലോക ക്യാൻസർ ദിന സന്ദേശം 'കാൻസർ പരിചരണ അപര്യാപ്തകൾ നികത്താം' (ഇ ഹീശിഴ വേല രമൂല ഴമു) എന്നതാണ്. കാൻസർ ചികിത്സാ രംഗത്ത് നിലനിൽക്കുന്ന അപര്യാപ്തകൾ പരിഹരിക്കുക, ചികിത്സാരംഗത്തെ വിടവുകൾ നികത്തുക എന്നതാണ് ഈ സന്ദേശം കൊണ്ട് ഉദ്ദേശിക്കുന്നത്. സാമ്പത്തികം, സാങ്കേതികം, വിദ്യാഭ്യാസം, പ്രാദേശികം, ആരോഗ്യ ബോധവൽക്കരണം, ആരോഗ്യ ഇൻഷുറൻസ് തുടങ്ങിയ വിവിധ മേഖലകളിൽ കാൻസർ ചികിത്സാ രംഗത്തെ അസമത്വങ്ങൾ നിലനിൽക്കുന്നു. ഈ അസമത്വങ്ങൾ തിരിച്ചറിയുന്നതിനും ഇവയ്ക്ക് പരിഹാരം കണ്ടെത്തി എല്ലാ ജനങ്ങൾക്കും ഒരേ തരത്തിലുള്ള ക്യാൻസർ ചികിത്സ ഉറപ്പാക്കുന്നതിനും മുൻതൂക്കം നൽകുക എന്നതാണ് ഇതുമായി ബന്ധപ്പെട്ട കർമ്മപദ്ധതി. ഈ സന്ദേശം വരുന്ന മൂന്നു വർഷങ്ങളിൽ കൂടി നിലനിൽക്കുന്നതാണ്.

സംസ്ഥാനത്ത് എല്ലാ ജില്ലകളിലായി 24 കേന്ദ്രങ്ങളിൽ നിന്ന് ക്യാൻസർ രോഗ ചികിത്സ സൗജന്യമായി നടപ്പിലാക്കി വരുന്നു. എല്ലാ ജില്ലകളിലും ക്യാൻസർ ചികിത്സ ഉറപ്പാക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് ജില്ലാ കേന്ദ്രങ്ങളിൽ ക്യാൻസർ ചികിത്സ ഉറപ്പാക്കുന്നതിന് ജില്ലാ ക്യാൻസർ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലൂടെ കീമോ തെറാപ്പിയുൾപ്പെടെയുള്ള ചികിത്സ സൗജന്യമായി നടപ്പിലാക്കി വരുന്നു.

കോവിഡ് മഹാമാരി ഏറ്റവും കൂടുതൽ ബാധിച്ചത് ക്യാൻസർ പോലെയുള്ള ദീർഘസ്ഥായി രോഗങ്ങൾ ബാധിച്ചവരെയാണ്. പ്രതിരോധ ശേഷി കുറഞ്ഞ ഇവരിൽ രോഗവ്യാപനം കുറയ്ക്കാൻ ആരോഗ്യ വകുപ്പ് പല ഇടപെടലുകളും നടത്തി. ദീർഘദൂരം യാത്ര ചെയ്ത് ആർസിസിയിലും മെഡിക്കൽ കോളേജുകളിലും വരാതെ വീടിന് തൊട്ടടുത്ത് തന്നെ അതേ ക്യാൻസർ ചികിത്സ ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ വകുപ്പിന്റേയും തിരുവനന്തപുരം ആർസിസിയുടേയും ആഭിമുഖ്യത്തിൽ ജില്ലാ ക്യാൻസർ കെയർ പ്രോഗ്രാമിന്റെ മുന്നണി പ്രവർത്തകർക്ക് ക്യാൻസർ രോഗ പരിചരണം, നിർണയം, പ്രതിരോധം എന്നിവയെ കുറിച്ച് വെബിനാർ സംഘടിപ്പിക്കുന്നു. ഫെബ്രുവരി 4ന് രാവിലെ 10 മണിക്ക് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് വെബിനാർ ഓൺലൈനായി ഉദ്ഘാടനം നിർവഹിക്കും. ഇതോടൊപ്പം തിരുവനന്തപുരം ആർസിസിയിലെ പുലയനാർകോട്ട ക്യാമ്പസിൽ പ്രിവന്റീവ് ഓങ്കോളജി ഒ.പി.യുടേയും പരിശീലന കേന്ദ്രത്തിന്റേയും ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

പട്ടികവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

തിരുവനന്തപുരം: ജില്ലയിൽ 202122 അധ്യയന വർഷം ഒൻപത്, പത്ത് ക്ലാസുകളിൽ പഠിക്കുന്ന പട്ടിക വർഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്രസർക്കാർ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു.

ഇഗ്രാന്റ്സ് പ്ലാറ്റ് ഫോം വഴിയാണ് സ്കോളർഷിപ്പ് അനുവദിക്കുക. അതാത് സ്കൂൾ/സ്ഥാപന മേധാവികൾ 2,50,000 രൂപ വരുമാന പരിധിയിൽ ഉൾപ്പെട്ട ഒമ്പത്, പത്ത് ക്ലാസുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഫെബ്രുവരി 15 ന് മുൻപായി www.e-gr-a-tnz.k-er-a-l-a.gov.in എന്ന പോർട്ടലിൽ ലഭ്യമാക്കണമെന്ന് പ്രോജക്ട് ഓഫീസർ അറിയിച്ചു.

മിനിമാസ്റ്റ് ലൈറ്റുകൾ ഉദ്ഘാടനം ചെയ്തു

വെള്ളറട: കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ എംഎൽഎയുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടുക്കോണം, കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം, പനവിള ചർച്ച്, ആലുവിള, മണ്ണംകോട്, കാലായിൽ എന്നിവിടങ്ങളിൽ സ്ഥാപിച്ച മിനിമാസ്റ്റ് ലൈറ്റുകളുടെ ഉദ്ഘാടനം സി കെ ഹരീന്ദ്രൻ എം എൽ എ നിർവഹിച്ചു, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജി കുമാർ, ബ്ലോക്ക് മെമ്പർ ടി വിനോദ്, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ അഡ്വ. എസ് എസ് റോജി, ഷീബാറാണി, ലത, എസ് എസ് വിനോദ്, എന്നിവർ സംസാരിച്ചു.

സൗജന്യ ഓൺലൈൻ പിഎസ്സി പരിശീലനം

കഴക്കൂട്ടം: കഴക്കൂട്ടം റൂറൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ 30 ദിവസത്തെ സൗജന്യ ഓൺലൈൻ പിഎസ്സി പരിശീലനം സംഘടിപ്പിക്കുന്നു.

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഫെബ്രുവരി 7 ന് മുമ്പ് കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് എത്തിയോ 04712413535 എന്ന നമ്പറിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യണമെന്ന് എംപ്ലോയ്മെൻറ് ഓഫീസർ അറിയിച്ചു.

അന്തരിച്ച മുൻ എം.എൽ.എ എ. യൂനുസ് കുഞ്ഞിന് അന്ത്യോപചാരം അർപ്പിക്കുന്ന മന്ത്രി കെ. എൻ. ബാലഗോപാൽ

കാട്ടാക്കടയിൽ വീണ്ടും ഇരുതലമൂലിയെ കണ്ടെത്തി

കാട്ടാക്കട: കാട്ടാക്കടയിൽ വീണ്ടും ഇരുതലമൂലിയെ കണ്ടെത്തി. കട്ടക്കോട് റോഡിൽ സഫർ ലോഡ്ജിന് സമീപം തിങ്കളാഴ്ച രാത്രി 10.30 ഓടെയാണ് ഇരുതലമൂലിയെ കണ്ടെത്തിയത്. സലീമിന്റെ വീടിനു മുന്നിലാണ് ഇരുതല മൂലിയെ കണ്ടത്. തുടർന്ന് കാട്ടാക്കട പൊലീസിനെയും വനംവകുപ്പിനെയും അറിയിച്ചു. വനം വകുപ്പിൽ അറിയിച്ച താനുസരിച്ച് പാമ്പ് പിടിത്തക്കാരനായ രതീഷ് എത്തി പാമ്പിനെ ഏറ്റുവാങ്ങി. ഉപദ്രവകാരിയല്ലാത്തതിനാൽ പ്രദേശവാസികൾ തന്നെ ഇതിനെ ചാക്കിലാക്കിയിരുന്നു.

ഒന്നര വയസോളം പ്രായവും ഒരു മീറ്ററോളം നീളവുമുള്ള പാമ്പ് രണ്ടു ദിവസത്തോളമായി ഭക്ഷണം കഴിച്ചിട്ടെന്നും അതിന്റെ അവശത ഉണ്ടെന്നും പാമ്പുപിടിക്കാൻ രതീഷ് പറഞ്ഞു. ആഴ്ചകൾക്ക് മുൻപും പ്രദേശത്തു നിന്നു ചെറിയ ഇരുതല മൂലിയെ കണ്ടെത്തിയിരുന്നു. മലയിൻകീഴ് നിന്നും അടുത്തിടെ മൂന്നു കിലോയിലധികമുള്ള ഇരുതല മൂലിയെ കണ്ടെത്തിയിരുന്നു. ചതുപ്പും തണുത്ത പ്രദേശത്തും കണ്ടുവരുന്ന ഇവ ഇവിടെ എങ്ങനെ എത്തി എന്നതിനെ കുറിച്ച് വ്യക്തത ഇല്ല. ഏറ്റുവാങ്ങിയ ഇരുതല മൂലിയെ രതീഷ് വനം വകുപ്പിന് കൈമാറി.

ചൈനീസ് സൈന്യം ഷോക്കടിപ്പിച്ചുവെന്ന് 17കാരന്റെ വെളിപ്പെടുത്തൽ

ഇറ്റാനഗർ: ചൈനീസ് സൈന്യം ഷോക്കടിപ്പിച്ചുവെന്ന വെളിപ്പെടുത്തലുമായി അരുണാചൽ പ്രദേശിൽ നിന്നും തട്ടിക്കൊണ്ടു പോയ17കാരൻ. കണ്ണുകൾ കെട്ടി തന്നെ സൈനിക ക്യാമ്പിൽ എത്തിച്ചുവെന്നും അവിടെവച്ച് ക്രൂര മർദ്ദനത്തിന് വിധേയമാക്കിയെന്നും മിരിയം തരോൺ ദേശീയ മാധ്യമത്തോട് പറഞ്ഞു. ഒരു ആഴ്ചയോളം അവിടെ കഴിയേണ്ടി വന്നു. ഭക്ഷണം നൽകുമ്പോഴും ഇന്ത്യൻ അധികൃതർക്ക് കൈമാറുന്നതിനും മുമ്പും മാത്രമാണ് കൈകളിലെ കെട്ട് അഴിച്ചുമാറ്റിയതെന്നും മിരിയം പറയുന്നു.

ലുഗ്ത ജോർ മേഖലയിൽ സുഹൃത്തിനൊപ്പം വേട്ടയാടാൻ പോയ മിരിയത്തിനെ കഴിഞ്ഞ മാസം 18നാണ് പീപ്പിൾസ് ലിബറേഷൻ ആർമി തട്ടിക്കൊണ്ട് പോയത്. എന്നാൽ അതിർത്തി ലംഘിച്ചതിനെ തുടർന്ന് കുട്ടിയെ കസ്റ്റഡിയിലെടുക്കുകയായിരുന്നു എന്നാണ് ചൈനീസ് സൈന്യം പറഞ്ഞത്. കഴിഞ്ഞമാസം 27നാണ് മിരിയം തരോണിനെ ഇന്ത്യക്ക് കൈമാറിയത്.

ലൈഫ് സ്കിൽസ് എഡ്യുക്കേഷൻ ഡിപ്ലോമ; തീയതി നീട്ടി

തിരുവനന്തപുരം: സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്ആർസി കമ്മ്യൂണിറ്റി കോളജ് 2022 ജനുവരി സെഷനിൽ നടത്തുന്ന ലൈഫ് സ്കിൽസ് എഡ്യൂക്കേഷൻ ഡിപ്ലോമ പ്രോഗ്രാമിന് അപേക്ഷിക്കാനുള്ള തീയതി ഫെബ്രുവരി 15 വരെ നീട്ടി. ഡിഗ്രി പാസലയവർക്ക് അപേക്ഷിക്കാം. ഒരു വർഷം ദൈർഘ്യമുള്ള പ്രോഗ്രാമിന്റെ തിയറി, പ്രാക്ടിക്കൽ ക്ലാസുകൾ അംഗീകൃത പഠന കേന്ദ്രത്തിന്റെ സഹായത്തോടെയാണ് നടത്തുന്നത്. അപേക്ഷാഫോമും പ്രോസ്പെക്ടസും തിരുവനന്തപുരം എസ്ആർസി ഓഫീസിൽ നിന്നും ലഭിക്കും. വിലാസം: സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം33. കൂടുതൽ വിവരങ്ങൾക്ക് സ്റ്റഡി സെന്ററുമായി ബന്ധപ്പെടാവുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു. ഫോൺ 0471 2325101, 2325102.

ഫ്രാറ്റ് ആദരിച്ചു

തിരുവനന്തപുരം: പത്മശ്രീ അവാർഡ് നേടിയ പി നാരായണകുറുപ്പിനെ ഫ്രാറ്റ് ആദരിച്ചു. പ്രസിഡന്റ് എം എസ് വേണു, ജനറൽ സെക്രട്ടറി എൻ ശാന്തകുമാർ, ഇന്ദിരാനഗർ റസിഡന്റ്സ് അസോസിയേഷൻ വൈസ് പ്രസിഡന്റ് ഡോ. പി രാജൻ എന്നിവർ പങ്കെടുത്തു.

ഹരിത ദേശീയപാത നയത്തിന് കീഴിലുള്ള പദ്ധതികളുടെ വിവരങ്ങൾ

ന്യൂഡൽഹി ഇടനാഴികളുടെ ഹരിതവൽക്കരണം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള 2015 ലെ ഹരിത ദേശീയപാത (തൈനടീൽ, മാറ്റിവയ്ക്കൽ, സൗന്ദര്യവൽക്കരണം, പാലനം) നയം രാജ്യത്തെ എല്ലാ ദേശീയപാതകളെയും ഉൾക്കൊള്ളുന്നതാണ്.

നയത്തിന് കീഴിൽ, 2021 ഡിസംബർ വരെ 51,178 കിലോമീറ്റർ ദൂരം വരുന്ന 869 ദേശീയപാത പദ്ധതികളിലായി 244.68 ലക്ഷം തൈകളാണ് നട്ടത്. നടീലിന്റെ സംസ്ഥാനം തിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

കേരളത്തിൽ 559.544 കിലോമീറ്റർ ദൂരം വരുന്ന 17 പദ്ധതികളിലായി 0.68 ലക്ഷം തൈകളാണ് നട്ടത്.

ഉപരിതല ഗതാഗതദേശീയപാത മന്ത്രാലയത്തിന്റെ ചുമതലയുള്ള കേന്ദ്ര മന്ത്രി ശ്രീ നിധിൻ ഗഡ്ഗരി രാജ്യ സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ അറിയിച്ചതാണ് ഇക്കാര്യം.

വിദ്യാഭ്യാസരംഗത്ത് കൂടുതൽ മുതൽ മുടക്കണം: ദേശീയ വിദ്യാഭ്യാസ അടിയന്തരാവസ്ഥ കൂട്ടായ്മ

തിരുവനന്തപുരം: ഇന്ത്യയിലെ വിദ്യാഭ്യാസ രംഗത്ത് കോവിഡും അതുമൂലമുണ്ടായ അടച്ചിടലും സൃഷ്ടിച്ച പോരായ്മകൾ നികത്തുന്നതിന് കൂടുതൽ മുതൽ മുടക്കുകയും പരിഹാര മാർഗങ്ങൾ അവലംബിക്കുകയും ചെയ്യണമെന്ന് ദേശീയ വിദ്യാഭ്യാസ അടിയന്തരാവസ്ഥ കൂട്ടായ്മ (എൻസിഇഇ) യിലെ വിദഗ്!ധർ അഭിപ്രായപ്പെട്ടു. 'ലോകമെമ്പാടും വിദ്യാലയങ്ങൾ തുറന്നു വയ്ക്കാൻ ശ്രമിക്കുമ്പോൾ നാം കോവിഡിനെ പേടിച്ച് കൂടുതൽ അടച്ചിടലിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത് ഇതുണ്ടാക്കുന്ന അധ്യായന നഷ്ടം ഭീകരമാണ്. ഭാവിതലമുറയെ കാര്യമായി ബാധിക്കും. പ്രത്യേകിച്ച്, അരികുവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെയും ദളിതരുടെയും ന്യൂനപക്ഷങ്ങളുടെയും കാര്യത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഈ അവസ്ഥ സൃഷ്ടിക്കുക തന്നെ ചെയ്യും' ഡോക്ടർ ജോത്സ്യന ഝാ, ഡോ. വി പി നിരഞ്ജനാരാധ്യ എന്നിവർ പറഞ്ഞു.

'ഇന്ത്യയിലെ വിദ്യാലയങ്ങൾ അടച്ചിട്ട് രണ്ടു വർഷം കഴിയുന്നു. ലോകത്ത് എവിടെയും ഇത്രയും ദീർഘകാലം കോവിഡ് കാരണം വിദ്യാലയങ്ങൾ അടയ്ക്കേണ്ടി വന്നിട്ടില്ല. ഓൺലൈൻ വിദ്യാഭ്യാസം വികസിത രാജ്യങ്ങളിൽ പോലും ഫലപ്രദമല്ല. അതുകൊണ്ട് ഈ അടിയന്തരഘട്ടത്തിൽ സർക്കാരുകൾ കൂടുതൽ പണം മുടക്കി കർമ്മപദ്ധതികൾ ഏറ്റെടുത്തു നടപ്പിൽ വരുത്തണം. അറിവിന്റെ വാതായനങ്ങൾ കൊട്ടിയടയ്ക്കുന്നതിനു പകരം വിദ്യാലയങ്ങൾ തുറന്നു വയ്ക്കാനാണ് നാം ശ്രമിക്കേണ്ടത് എന്ന് എൻസിഇഇ മുഖ്യ പ്രവർത്തകയും ലോകബാങ്ക് മുൻ ഉപദേഷ്ടാവുമായ ഡോ. സാജിതാ ബഷീർ ചൂണ്ടിക്കാട്ടി.

പാസ്റ്റർ ചമഞ്ഞ് സ്ത്രീകളിൽ നിന്നും പണം തട്ടിപ്പ്

വെള്ളറട: കുന്നത്തുകാലിലും പരിസര പ്രദേശത്തും പാസ്റ്റർ വേഷത്തിൽ തട്ടിപ്പ് നടത്തുന്നത് പതിവാകുന്നു. വീട്ടമ്മമാരെയാണ് പണം തട്ടിച്ച് കടന്നു കളയുന്നത്. ജനുവരി 29 ന് കുന്നത്തുകാൽ ആലുവിളയിലാണ് നിർധനയായ വീട്ടമ്മ തട്ടിപ്പിനിരയായത്. കുന്നത്തുകാൽ, മാണിനാടിന് സമീപം ആലുവിള കുണ്ടറതല വിളാകം വീട്ടിൽ പരേതനായ ബെഞ്ചമിന്റെ ഭാര്യ ശാന്ത(62) യാണ് തട്ടിപ്പിനിരയായത്. 29 ന് രാവിലെ 11 മണിയോടെയാണ് സംഭവം. സമീപത്തെ ഇടവകയിലെ ഫാദർ എന്ന് പറഞ്ഞാണ് തട്ടിപ്പുകാരനെത്തിയത്. ഇടവകയിൽ നിന്ന് ഭവനനിർമ്മാണത്തിന് ധനസഹായം 15,00000/(പതിനഞ്ചു ലക്ഷം) രൂപ ശാന്തയ്ക്ക് അനുവദിച്ചിട്ടുണ്ടെന്നു പറഞ്ഞാണ് കബളിപ്പിച്ചത്. പതിനഞ്ചു ലക്ഷം കൈമാറുന്നതിനു മുന്നോടിയായി മറ്റു ചിലവുകളുണ്ടെന്നും അതിന്റെ ആവശ്യത്തിലേക്കായി മുൻകൂറായി 14700 രൂപ അടയ്ക്കണം എന്നും ആവശ്യപ്പെട്ടു.

നിർധനയായ വീട്ടമ്മ അടുത്ത വീട്ടിൽ നിന്നും കടം വാങ്ങി നൽകിയ കാശുമായി അരമണിക്കൂറിനുള്ളിൽ വരാമെന്നു പറഞ്ഞ് ഇയാൾ കടന്നു കളയുകയായിരുന്നു. ഇതിന് മുമ്പും പ്രദേശത്ത് സമാന രീതിയിൽ തട്ടിപ്പു നടന്നിട്ടുള്ളതായി നാട്ടുകാർ പറയുന്നു. ആടുവാങ്ങി നൽകാമെന്നും വീടുവച്ചു നൽകാമെന്നും വാഗ്ദാനം നൽകി പണവും ആഭരണവും കവർന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്. ഏറെയും പ്രായം ചെന്ന വീട്ടമ്മമാരാണ് തട്ടിപ്പിനിരയാകുന്നത്. പഞ്ചായത്തിലെ കുന്നത്തുകാൽ, മാണിനാട്, വണ്ടിത്തടം വാർഡുകളിലാണ് തട്ടിപ്പ് അരങ്ങേറുന്നത്. സംഭവത്തെ തുടർന്ന് ശാന്ത വെള്ളറട പൊലീസിൽ പരാതി നൽകിയിട്ടുണ്ട്.

അന്വേഷണം നടക്കുന്നതായി വെള്ളറട പൊലീസ് അറിയിച്ചു. തുടർന്ന് പൊലീസ്, പഞ്ചായത്ത് അധികൃതരുടെ സഹകരണത്തോടെ നാട്ടുകാരുടെ നേതൃത്വത്തിൽ ജാഗ്രത കൂട്ടായ്മ രൂപീകരിച്ചു. സാധാരണക്കാർക്ക് വേണ്ട മുൻകരുതലും നിർദേശങ്ങളും ബോധവത്കരണവും നൽകി. കുന്നത്തുകാൽ

എൽ.എൽ.എം സ്പോട്ട് അഡ്മിഷൻ 31ന്

കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ 202122 അധ്യയന വർഷത്തിൽ എൽ.എൽ.എം കോഴ്സിൽ ഒഴിവുള്ള സീറ്റുകളിൽ എൻട്രൻസ് കമ്മിഷണർ പ്രസിദ്ധീകരിച്ച റാങ്ക്ലിസ്റ്റിന് വിധേയമായി 31ന് കോളേജിൽ സ്പോട്ട് അഡ്മിഷൻ നടത്തും. സംവരണ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ അഭാവത്തിൽ അർഹരായ മറ്റു വിദ്യാർഥികൾക്ക് പ്രോസ്പക്റ്റസിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി പ്രവേശനം നൽകും. വിദ്യാർത്ഥികൾ അസ്സൽ രേഖകൾ ഹാജരാക്കണം. പ്രവേശന കമ്മിഷണറുടെ ഡാറ്റാഷീറ്റ്, ആവശ്യമായ മറ്റു രേഖകൾ എന്നിവ സഹിതം 31ന് ഉച്ചയ്ക്ക് 12 മണി വരെ ഹാജരാകുന്ന വിദ്യാർഥികളെ മാത്രമേ സ്പോട്ട് അഡ്മിഷനിൽ പരിഗണിക്കൂ.

എൻഡോസൾഫാൻ മേഖലയിൽ മരിച്ച കുഞ്ഞിൻെറ മൃതദേഹവുമായി കാസർഗോഡ് പ്രതിഷേധം

കാസർഗോഡ്: എൻഡോസൾഫാൻ ദുരിതമേഖലയിൽ മരിച്ച ഒന്നരവയസുകാരിയുടെ മൃതദേഹവുമായി സമരസമിതിയുടെ പ്രതിഷേധം. മൊഗേർ എന്ന ആദിവാസി കോളനിയിൽ കഴിഞ്ഞ ദിവസം മരിച്ച മോഹനൻഉഷ ദമ്പതികളുടെ കുഞ്ഞായ ഹർഷിതയുടെ മൃതദേഹമാണ് കാസർകോഡ് പുതിയ ബസ്റ്റാൻഡിന് സമീപത്തുള്ള സമരപ്പന്തലിൽ എത്തിച്ചത്. കഴിഞ്ഞ മൂന്നു വർഷത്തിനിടെ എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിന് പ്രദേശത്ത് ക്യാമ്പ് നടത്തിയിട്ടില്ല. മരിച്ച ഒന്നരവയസുകാരി എൻഡോസൾഫാൻ ബാധിതയാണെന്നതിന് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ചികിത്സയിൽ അടക്കം വീഴ്ച്ചയുണ്ടായെന്നാണ് സമരസമിതിയുടെ ആരോപണം. ഹർഷിതക്ക് മതിയായ ചികിത്സ കിട്ടിയില്ലെന്നും ഇനി ഇങ്ങനെയുള്ള സംഭവങ്ങൾ ഇല്ലാതിരിക്കാൻ കാസർഗോഡിന് എയിംസ് വേണമെന്നുമാണ് സമരക്കാരുടെ ആവശ്യം.

അതിദരിദ്രരെ കണ്ടെത്തൽ; മുൻഗണന പട്ടികയായി

അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ ജില്ലയിൽ പൂർത്തിയായി. മുൻഗണന പട്ടികയും തയ്യാറാക്കി. ആകെ 4,841 കുടുംബങ്ങളാണ് പട്ടികയിലുള്ളത്. പ്രാഥമിക പട്ടികയ്ക്ക് സബ് കമ്മിറ്റി അംഗീകാരം നൽകി. പ്രീ എന്യൂമറേഷനും, എന്യൂമറേഷനും പൂർത്തിയാക്കി. ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 3,950 കുടുംബങ്ങളും കോർപ്പറേഷനിലും മുനിസിപ്പാലിറ്റികളിൽ നിന്നുമായി 891 കുടുംബങ്ങളുമാണ് പട്ടികയിൽ ഉള്ളത്.

കൃഷി ലാഭകരവും പുതിയ അവസരങ്ങൾ നിറഞ്ഞതുമാക്കുകയാണ് ലക്ഷ്യം

ന്യൂഡൽഹി : നൂറ്റാണ്ടിലൊരിക്കൽ സംഭവിക്കുന്ന ദുരന്തത്തിനിടയിലും വികസനത്തിന്റെ പുതിയ ആത്മവിശ്വാസവുമായാണ് ഈ വർഷത്തെ ബജറ്റ് വന്നിരിക്കുന്നതെന്ന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി പറഞ്ഞു. ഈ ബജറ്റ് സമ്പദ്വ്യവസ്ഥയ്ക്ക് കരുത്ത് പകരുന്നതിനൊപ്പം സാധാരണക്കാർക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര ബജറ്റ് ലോക്സഭയിൽ അവതരിപ്പിച്ചതിന് ശേഷമുള്ള തന്റെ പരാമർശത്തിൽ, ബജറ്റ് 'കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ, കൂടുതൽ നിക്ഷേപം, കൂടുതൽ വളർച്ച, കൂടുതൽ തൊഴിലവസരങ്ങൾ എന്നിവയ്ക്കുള്ള അവസരങ്ങൾ നിറഞ്ഞതാണെന്ന്' പ്രധാനമന്ത്രി പറഞ്ഞു. ഇത് ഹരിത തൊഴിൽ മേഖലയെ കൂടുതൽ തുറക്കും. ഈ ബജറ്റ് സമകാലിക പ്രശ്നങ്ങൾ പരിഹരിക്കുക മാത്രമല്ല യുവാക്കൾക്ക് ശോഭനമായ ഭാവി ഉറപ്പാക്കുകയും ചെയ്യുന്നു, അദ്ദേഹം കൂട്ടിച്ചേർത്തു.

കർഷകർക്കുള്ള ഡ്രോണുകൾ, വന്ദേ ഭാരത് ട്രെയിനുകൾ, ഡിജിറ്റൽ കറൻസി, 5 ജി സേവനങ്ങൾ, ദേശീയ ഡിജിറ്റൽ ആരോഗ്യ ഇക്കോസിസ്റ്റം തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആധുനികതയും സാങ്കേതികവിദ്യയും തേടുന്നത് നമ്മുടെ യുവജനങ്ങൾക്കും ഇടത്തരക്കാർക്കും ദരിദ്രർക്കും, ദളിത്, പിന്നാക്ക വിഭാഗങ്ങൾ എന്നിവർക്കും ഏറെ പ്രയോജനം ചെയ്യുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ദരിദ്രരുടെ ക്ഷേമം ഈ ബജറ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നാണെന്ന് പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. പാവപ്പെട്ട ഓരോ കുടുംബത്തിനും ഉറപ്പുള്ള വീട്, ശൗചാലയം , ടാപ്പ് വെള്ളം, ഗ്യാസ് കണക്ഷൻ എന്നിവ ഉറപ്പാക്കാനാണ് ബജറ്റ് ലക്ഷ്യമിടുന്നത്. അതേ സമയം ആധുനിക ഇന്റർനെറ്റ് കണക്റ്റിവിറ്റിയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

രാജ്യത്ത് ആദ്യമായി ഹിമാചൽ, ഉത്തരാഖണ്ഡ്, ജമ്മു കശ്മീർ, വടക്കുകിഴക്കൻ മേഖലകളിൽ 'പർവ്വതമാല' പദ്ധതി ആരംഭിക്കുന്നതായി പ്രധാനമന്ത്രി പരാമർശിച്ചു. ഈ പദ്ധതി മലയോര മേഖലകളിൽ ആധുനിക ഗതാഗത സംവിധാനം സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ദശലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ വിശ്വാസത്തിന്റെ കേന്ദ്രമായ ഗംഗയുടെ ശുചീകരണത്തോടൊപ്പം, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ്, ബീഹാർ, ജാർഖണ്ഡ്, പശ്ചിമ ബംഗാൾ എന്നീ അഞ്ച് സംസ്ഥാനങ്ങളിൽ നദിയുടെ തീരത്ത് പ്രകൃതിദത്ത കൃഷി പ്രോത്സാഹിപ്പിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. . കർഷകരുടെ ക്ഷേമത്തിനായുള്ള സുപ്രധാന നടപടിയാണിതെന്നും ഗംഗയെ രാസരഹിതമാക്കാനും ഇത് സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കൃഷി ലാഭകരവും പുതിയ അവസരങ്ങൾ നിറഞ്ഞതുമാക്കുക എന്നതാണ് ബജറ്റിലെ വ്യവസ്ഥകൾ ലക്ഷ്യമിടുന്നത്. പുതിയ കാർഷിക സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക ഫണ്ട്, ഭക്ഷ്യ സംസ്കരണ വ്യവസായത്തിനുള്ള പാക്കേജ് തുടങ്ങിയ നടപടികൾ കർഷകരുടെ വരുമാനം വർധിപ്പിക്കാൻ സഹായിക്കും. കുറഞ്ഞ താങ്ങു വിലയിലൂടെ കർഷകരുടെ അക്കൗണ്ടിലേക്ക് 2.25 ലക്ഷം കോടിയിലധികം രൂപ കൈമാറ്റം ചെയ്യപ്പെടുന്നു, പ്രധാനമന്ത്രി പറഞ്ഞു.

വായ്പ്പാ ഗ്യാരണ്ടിയിൽ റെക്കോർഡ് വർധനവിനൊപ്പം ബജറ്റിൽ നിരവധി പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്. 'ആഭ്യന്തര വ്യവസായത്തിനുള്ള പ്രതിരോധ മൂലധന ബജറ്റിന്റെ 68 ശതമാനം സംവരണം വഴി ഇന്ത്യയുടെ എംഎസ്എംഇ മേഖലയ്ക്ക് വളരെയധികം പ്രയോജനം ലഭിക്കും. 7.5 ലക്ഷം കോടി രൂപയുടെ പൊതു നിക്ഷേപം സമ്പദ്വ്യവസ്ഥയ്ക്ക് പുതിയ ഉത്തേജനം നൽകുകയും ചെറുകിട, മറ്റ് വ്യവസായങ്ങൾക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും,' അദ്ദേഹം പറഞ്ഞു.

'ജനസൗഹൃദവും പുരോഗമനപരവുമായ ബജറ്റിന്' ധനമന്ത്രിയെയും സംഘത്തെയും അഭിനന്ദിച്ചുകൊണ്ടാണ് പ്രധാനമന്ത്രി ഉപസംഹരിച്ചത്.

ദുരന്തത്തിൽനിന്ന് രക്ഷപ്പെട്ട് ബ്രിട്ടീഷ് എയർവേസ്

ലണ്ടൻ: ലാൻഡ് ചെയ്യുന്നതിനിടെ ആഞ്ഞുവീശിയ കൊടുങ്കാറ്റിൽ കീഴ്മേൽ മറിയാൻ പോയ യാത്രാ വിമാനം അത്ഭുതകരമായി രക്ഷപ്പെട്ടു. ലണ്ടനിലെ ഹീത്രൂ എയർപോർട്ടിൽ ബ്രിട്ടീഷ് എയർവേസിൻറെ വിമാനമാണ് വൻ ദുരന്തത്തിൽനിന്ന് രക്ഷപ്പെട്ടത്.

കാറ്റിൽ നിയന്ത്രിക്കാനാവാതെ ഇടതുവശം ചേർന്ന് മറിയാൻ പോയ വിമാനത്തെ കൃത്യസമയത്ത് അന്തരീക്ഷത്തിലേക്ക് ഉയർത്തിയാണ് പൈലറ്റുമാർ ജീവാപായം ഒഴിവാക്കിയത്. വടക്കുകിഴക്കൻ സ്കോട്ട്ലാൻറിലെ അബർദീനിൽ നിന്ന് പുറപ്പെട്ട എയർബസ് വിമാനം ഹീത്രുവിലെത്തുമ്പോൾ 35 മൈൽ വേഗത്തിലാണ് കാറ്റ് വീശിയിരുന്നത്.

ഇരു പിൻചക്രങ്ങളും നിലംതൊട്ടതിൻറെ തൊട്ടടുത്ത നിമിഷം വിമാനം ഇടതുഭാഗത്തേക്ക് അനിയന്ത്രിതമായി ചെരിഞ്ഞു. ഒറ്റച്ചക്രത്തിൽ മീറ്ററുകളോളം സഞ്ചരിച്ച വിമാനം പിന്നീട് നേരെയായെങ്കിലും പിന്നാലെ പറന്നുയരുകയായിരുന്നു. പറന്നുപൊങ്ങുന്നതിനിടെ വിമാനത്തിൻറെ വാൽഭാഗം റൺവേയിൽ ഉരയുകയും ചെയ്തു. പറന്നുയർന്ന് ആകാശം ചുറ്റിവന്ന ശേഷം വിമാനം സുരക്ഷിതമായി ലാൻഡ് ചെയ്തു.

മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനം

പട്ടികവർഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ / ആശ്രമം സ്കൂളുകളിൽ 2022 23 അധ്യയന വർഷത്തെ 5,6 ക്ലാസുകളിലേക്കുള്ള പ്രവേശനത്തിന് പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കുടുംബ വാർഷിക വരുമാനം ഒരുലക്ഷമോ അതിൽക്കുറവോ ആയവർക്ക് അപേക്ഷിക്കാം. പ്രക്തന ഗോത്ര വർഗക്കാർക്ക് വരുമാന പരിധി ബാധകമല്ല. വയനാട് ജില്ലയിലെ പൂക്കോട്, ഇടുക്കി ജില്ലയിലെ പൈനാവ് എന്നിവിടങ്ങളിലെ ഏകലവ്യ റസിഡൻഷ്യൽ സ്കൂളുകളിൽ ആറാം ക്ലാസിലേക്കും മറ്റ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അഞ്ചാം ക്ലാസിലേക്കുമാണ് പ്രവേശനം. വിശദവിവരങ്ങളും അപേക്ഷ ഫോമിന്റെ മാതൃകയും ഐ.ടി.ഡി.പി നെടുമങ്ങാട്, ട്രൈബൽ എക്സറ്റൻഷൻ ഓഫീസർ വാമനപുരം/ നെടുമങ്ങാട് / കാട്ടാക്കട ഓഫീസുകളിൽ നിന്ന് ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ പ്രോജക്ട് ഓഫീസർ, ഐ.ടി.ഡി.പി നെടുമങ്ങാട്, നെടുമങ്ങാട് പി.ഒ എന്ന വിലാസത്തിലോ സീനിയർ സൂപ്രണ്ട്, അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കട്ടേല, ശ്രീകാര്യം, തിരുവനന്തപുരം എന്ന വിലാസത്തിലോ ഫെബ്രുവരി 15ന് മുൻപായി സമർപ്പിക്കണം.

പ്രൊഫഷണൽ ഡിഗ്രി ഇൻ നഴ്സിംഗ് ആൻഡ് പാരാമെഡിക്കൽ

2021-22 അദ്ധ്യയന വർഷത്തെ ബി.എസ്.സി നഴ്സിംഗ് ആൻഡ് പാരാമെഡിക്കൽ കോഴ്സുകളിലേയ്ക്ക് മുൻ അലോട്ട്മെന്റുകൾ വഴി അലോട്ട്മെന്റ് ലഭിച്ചവർക്ക് ഫെബ്രുവരി ഏഴ് മുതൽ അപേക്ഷ

ബാറ്ററി സ്വാപിംഗ്ഇലക്ട്രിക്ക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷൻ എന്നിവയ്ക്കുള്ള വാളകത്തെ നിർദ്ദിഷ്ട പദ്ധതി പ്രദേശം മന്ത്രി കെ. എൻ. ബാലഗോപാൽ സന്ദർശിക്കുന്നു

ബാറ്ററി സ്വാപിംഗ് കേന്ദ്രവും ചാർജിംഗ് സൗകര്യവും വിപുലീകരിക്കും മന്ത്രി കെ. എൻ. ബാലഗോപാൽ

പുതിയ കാലത്തിന്റെ ആവശ്യകതയായ വൈദ്യുതി വാഹനങ്ങൾക്കുള്ള പുതിയ ചാർജ്ജിംഗ് കേന്ദ്രവും ആദ്യ ബാറ്ററി സ്വാപിംഗ് സംവിധാനവും ജില്ലയിൽ തുടങ്ങുന്നുവെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ. വാളകത്ത് നിർദ്ദിഷ്ട പദ്ധതി പ്രദേശം സന്ദർശിക്കുകയായിരുന്നു അദ്ദേഹം.

വൈദ്യുതി ഇന്ധനമാക്കുന്ന വാഹനങ്ങളുടെ കാലം വരുന്ന പശ്ചാത്തലത്തിൽ അവയ്ക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ചാർജ് ചെയ്യാൻ പരമാവധി കേന്ദ്രങ്ങളുണ്ടാകണം. അതിലുപരി സമയം ലാഭിക്കുന്നതിനായി ചാർജ്ജുള്ള ബാറ്ററികൾ താത്ക്കാലികമായ മാറ്റി യാത്ര തുടരാനുള്ള സംവിധാനവും വിപുലീകരിക്കണം. സ്വാപിംഗ് എന്ന ആശയത്തിന് പിന്നിലുള്ളത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

വാളകം മെഴ്സി ആശുപത്രിക്ക് സമീപമുള്ള സ്ഥലമാണ് ജില്ലയിലെ ആദ്യ ബാറ്ററി സ്വാപിംഗ് കേന്ദ്രത്തിനായി പരിഗണിക്കുന്നത്. ഇതോടൊപ്പം 33 കെ. വി. ഗ്രിഡ് സ്റ്റേഷൻ സ്ഥാപിച്ച് വൈദ്യുതി പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം കാണാനാകും. ഇതിനുള്ള സാധ്യതാ പഠനമാണ് നടത്തുന്നത്. കെ. എസ്. ഇ. ബി, കെ. എസ്. ടി. പി എന്നിവയെ പദ്ധതിയുടെ നിർവഹണത്തിനുള്ള സാഹചര്യം പഠനവിധേയമാക്കി റിപോർട്ട് നൽകാൻ ചുമതലപ്പെടുത്തി.

വാളകം ജംക്ഷനിൽ സ്ഥിരമായി വെള്ളപ്പൊക്കം അനുഭവപ്പെടുന്നതിന് പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതു പോലെ വാളകം വില്ലേജ് ഓഫീസ് പുതുക്കി പണിയുന്നതിനുള്ള നടപടികളും സ്വീകരിക്കും. സ്മാർട്ട് വില്ലേജ് ഓഫീസ് എന്ന നിലയ്ക്ക് ആധുനീകരണം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും മന്ത്രി വ്യക്തമാക്കി.

പുനലൂർ ആർ. ഡി. ഒ ബി. ശശികുമാർ, തദ്ദേശ സ്വയം ഭരണ സ്ഥാപന ഭാരവാഹികൾ, കെ. എസ്. ഇ. ബി., കെ. എസ്. ടി. പി., റവന്യൂ, ഇറിഗേഷൻ, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവരും പങ്കെടുത്തു.

ഡെപ്യൂട്ടേഷൻ ഒഴിവ്

തിരുവനന്തപുരം സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ 63,700-1,23,700 രൂപ ശമ്പള സ്കെയിലിൽ 02.03.2022ൽ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്ന ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ ഒഴിവിലേക്ക് ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് സംസ്ഥാന സർക്കാർ വകുപ്പുകളിൽ അണ്ടർ സെക്രട്ടറി/ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും മേലധികാരി മുഖേന നിശ്ചിത പ്രൊഫോർമയിൽ അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നേടിയവരും 63,700-1,23,700 രൂപ ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്നവരും അംഗീകൃത സർവകലാശാലയിൽ നിന്ന് കലാ, സാഹിത്യം, ചരിത്രം എന്നീ വിഷയങ്ങളിൽ ഏതെങ്കിലുമൊന്നിൽ അൻപത്തിയഞ്ച് ശതമാനത്തിൽ കുറയാത്ത മാർക്കോടെ ബിരുദാനന്തര ബിരുദം നേടിയവരുമായിരിക്കണം. അപേക്ഷകൾ ഡയറക്ടർ, സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം, അനന്ത വിലാസം കൊട്ടാരം, ഫോർട്ട് പി.ഒ, തിരുവനന്തപുരം-23, ഫോൺ: 0471-2478193, ഇ-മെയിൽ വിലാസം: രൗഹയ്യേലറ എന്ന വിലാസത്തിൽ ഫെബ്രുവരി 11നകം ലഭിക്കണം.

ദർഘാസ് ക്ഷണിച്ചു

2021-22 സാമ്പത്തിക വർഷത്തിൽ വടവുകോട് ഐ.സി.ഡി.എസ് പ്രോജക്ടിന് കീഴിലുള്ള 155 അങ്കണവാടികൾക്ക് കണ്ടിജൻസി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് തയ്യാറുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു.

ഫെബ്രുവരി 14ന് രാവിലെ 11.30 വരെ ദർഘാസ് ഫോറങ്ങൾ വിൽക്കും. അന്നേ ദിവസം ഉച്ചയ്ക്ക് 12.30 വരെ ദർഘാസുകൾ സ്വീകരിക്കും. 2.30ന് തുറന്നു പരിശോധിക്കും.

കൂടുതൽ വിവരങ്ങൾക്ക് വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന വടവുകോട് ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0484-2730320.

ഒരു രാജ്യം ഒരു രജിസ്ട്രേഷൻ സംസ്ഥാനങ്ങൾക്ക് തിരിച്ചടി: മന്ത്രി

കേന്ദ്ര ബജറ്റിൽ ഒരു രാജ്യം ഒരു രജിസ്ട്രേഷൻ എന്ന പ്രഖ്യാപനം സംസ്ഥാനങ്ങൾ കനത്ത തിരിച്ചടിയാണെന്ന് സഹകരണ മന്ത്രി വി. എൻ. വാസവൻ പറഞ്ഞു. ഏകീകൃത സോഫ്റ്റ് വെയർ സ്ഥാപിച്ച് രാജ്യത്ത് എവിടെ വേണമെങ്കിലും ആധാരങ്ങളും പ്രമാണങ്ങളും രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഒരുക്കുമെന്നാണ് ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. തനതു നികുതിയേതര വരുമാനത്തിൽ വൻ ഇടിവുണ്ടാകുകയും ചെയ്യും. ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ഈ നടപടി ആലോചനാരഹിതമായ പ്രഖ്യാപനം മാത്രമായി കാണാനാകില്ല. സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന സമീപനത്തിന്റെ ഭാഗമാണെന്ന് മന്ത്രി പറഞ്ഞു.

ഭൂമി കൈമാറ്റവും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നിയമ നിർമ്മാണത്തിനുള്ള അവകാശം ഭരണഘടനയുടെ ഏഴാം പട്ടികയിലെ മൂന്നാം പട്ടിക (കൺകറന്റ് ലിസ്റ്റ്)യിലെ ആറാം എൻട്രിയായി ഉൾപ്പെടുത്തിയിരിക്കുന്നതാണ്. ഭരണഘടനയുടെ ഏഴാം പട്ടികയിലെ രണ്ടാം ലിസ്റ്റിൽ (സ്റ്റേറ്റ് ലിസ്റ്റ്) 63 -ാം എൻട്രി പ്രകാരം ബിൽസ് ഓഫ് എക്സ്ചെഞ്ച്, ചെക്കുകൾ, പ്രോമിസറി നോട്ടുകൾ, ലെറ്റേഴ്സ് ഓഫ് ക്രെഡിറ്റ്, ഇൻഷുറൻസ് പോളിസികൾ, ഓഹരി കൈമാറ്റങ്ങൾ, പ്രോക്സികൾ എന്നിവ ഒഴികെയുള്ള മറ്റെല്ലാ ആധാരങ്ങൾക്കും സ്റ്റാമ്പ് ഡ്യൂട്ടി നിർണയിക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്കാണ് നൽകിയിട്ടുള്ളത്.

ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനത്തിന്റെ പ്രധാന വരുമാന സ്രോതസുകളിൽ ഒന്നാണ് രജിസ്ട്രേഷനുകൾ വഴിയുള്ള വരുമാനം. റവന്യൂ വരുമാനത്തിന്റെ വലിയൊരു ഭാഗം തന്നെയാണിത്. രജിസ്ട്രേഷൻ അധികാരം കവർന്നെടുക്കുന്നതോടെ സ്റ്റാമ്പ് ഡ്യൂട്ടി നിർണയിക്കുന്നതിനുള്ള അവകാശവും നഷ്ടമാകും. ഏകീകൃത രജിസ്ട്രേഷൻ നടപ്പിലാക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയും ഏകീകരിക്കേണ്ടി വരും. ഇത് കേന്ദ്ര സർക്കാർ നിർണയിക്കുകയും ചെയ്യും.

ഇതോടെ സംസ്ഥാനത്തിന്റെ വരുമാനം വലിയ തോതിൽ ഇടിയും. കേന്ദ്ര സർക്കാരിന്റെ ഈ നീക്കത്തിനെതിരെ കേരളം ശക്തമായ നിലപാട് സ്വീകരിക്കും. ഭരണഘടന ഉറപ്പു നൽകുന്ന കേന്ദ്ര സംസ്ഥാന ബന്ധങ്ങളുടെ ലംഘനമാണ് ഇപ്പോഴത്തെ കേന്ദ്ര സർക്കാർ നിലപാടെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം മേഖലയിലെ അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ കലാ-കായിക-ശാസ്ത്രരംഗത്ത് മികവ് തെളിയിച്ചവർക്ക് 2020-21 വർഷത്തെ സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു. മേഖല വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസിൽ നിന്നും അപേക്ഷ സൗജന്യമായി ലഭിക്കും.

പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധരേഖകൾ സഹിതം 11ന് വൈകുന്നേരം അഞ്ച് മണിക്ക് മുൻപ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം മേഖല വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ കാര്യാലയം, കെ.സി.പി. ബിൽഡിംഗ്, ആര്യശാല, തിരുവനന്തപുരം, പിൻ- 695036 എന്ന വിലാസത്തിൽ നൽകണം. നിലവിൽ തുടർ വിദ്യാഭ്യാസ കോഴ്സുകളിൽ പഠിക്കുന്നവരാണ് അപേക്ഷിക്കേണ്ടത്. ഫോൺ: 0471-2460667.

ഭക്ഷ്യമന്ത്രിയുടെ ഫോൺ ഇൻ പരിപാടി: എട്ടു പേർക്കു മുൻഗണനാ കാർഡ് ലഭ്യമാക്കാൻ നടപടി

ഭക്ഷ്യ - സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ പൊതുജനങ്ങളുമായി നടത്തുന്ന പ്രതിമാസ ഫോൺ ഇൻ പരിപാടി മുഖേന പരാതി സമർപ്പിച്ചവരിൽ എട്ടു പേർക്ക് മുൻഗണനാ കാർഡുകൾ ലഭ്യമാക്കുന്നതിനു നടപടിയായി. ജനുവരിയിൽ നടത്തിയ ഫോൺ ഇൻ-പ്രോഗ്രാമിൽ ലഭിച്ച പരാതികൾ പരിഗണിച്ചാണു തീരുമാനം. ആകെ 26 പരാതികളാണു ജനുവരിയിലെ ഫോൺ-ഇൻ പരിപാടിയിൽ ലഭിച്ചത്. ഇതിൽ 14 എണ്ണം മുൻഗണനാ കാർഡുകൾ സംബന്ധിച്ചായിരുന്നു. പരാതിക്കാരിൽ മൂന്നു പേർ മുൻഗണനാ കാർഡിന് അർഹതയില്ലാത്തവരാണെന്നു കണ്ടെത്തി. മൂന്നു പേരോടു ബന്ധപ്പെട്ട സപ്ലൈ ഓഫിസിൽ അപേക്ഷ സമർപ്പിക്കാൻ നിർദേശം നൽകി. ഈ മാസത്തെ ഫോൺ-ഇൻ പരിപാടി ഇന്നലെ(04 ഫെബ്രുവരി) നടന്നു. ലഭിച്ച പരാതികൾ പരിശോധിക്കാൻ മന്ത്രി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്കു നിർദേശം നൽകി. സിവിൽ സപ്ലൈസ് ഡയറക്ടർ ഡോ. ഡി. സജിത് ബാബുവുവും വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുത്തു.

സിൽവർലൈനിന് കേന്ദ്രത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്: ധനമന്ത്രി

സിൽവർലൈനിന് കേന്ദ്രത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കേന്ദ്ര ധനമന്ത്രിയും റെയിൽവേയും അയച്ച കത്തുകൾ ചൂണ്ടിക്കാട്ടിയാണ് ധനമന്ത്രി കാര്യങ്ങൾ വിശദീകരിച്ചത്. 2019 ഡിസംബറിൽ തന്നെ റെയിൽവേയുടെ കത്ത് ലഭിച്ചതായി മന്ത്രി പറഞ്ഞു. തുടർന്ന് ധനമന്ത്രി നിർമല സീതാരാമന്റെ കത്തും ലഭിച്ചു. 2020 ഒക്ടോബറിൽ ലഭിച്ച കത്തിൽ ഇതുസംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള കത്തുകളുടെയും നിവേദനങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ മുന്നോട്ടു പോകുന്നത്. നിയമപരമായ കാര്യങ്ങളിൽ ഊന്നിയാണ് സർക്കാർ നടപടികൾ സ്വീകരിക്കുന്നത്. പാർലമെന്റിൽ ഇതുസംബന്ധിച്ച നൽകിയ മറുപടി സാധാരണഗതിയിൽ നൽകുന്ന മറുപടി മാത്രമാണെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിന്റെ ഭാവി വികസനത്തിന്റെ ഭാഗമാണ് സിൽവർലൈൻ. ഭാവിതലമുറയെക്കൂടി കരുതിയാണ് ഈ പദ്ധതി വേണമെന്ന് പറയുന്നത്. കേന്ദ്രം നിർദ്ദേശിക്കുന്നതനുസരിച്ചുള്ള മാറ്റം ഡി. പി. ആറിൽ വരുത്തും. സിൽവർ ലൈനിന് പണം മുടക്കാൻ തയ്യാറായ ജിക്ക പോലെയുള്ള ഏജൻസി ലാഭകരമല്ലാത്ത ഒരു പദ്ധതിയുമായി സഹകരിക്കുമോയെന്നും മന്ത്രി ചോദിച്ചു.

ഭിന്നശേഷിക്കാരുടെ പെൻഷൻ: മസ്റ്ററിങ് നടത്തണം

ഭിന്നശേഷി സംബന്ധമായ ആനുകൂല്യങ്ങൾക്ക് ബയോമെട്രിക് മസ്റ്ററിംഗ് നടത്തുവാനുള്ള മുഴുവൻ ഭിന്നശേഷിക്കാരും സമയബന്ധിതമായി മസ്റ്ററിങ് നടത്തണമെന്ന് സംസ്ഥാന ഭിന്നശേഷി കമ്മീഷണർ എസ്.എച്ച്.പഞ്ചാപകേശൻ അറിയിച്ചു. ഫെബ്രുവരി ഒന്നു മുതൽ 20 വരെയാണ് മസ്റ്ററിങ്ങിന് സംസ്ഥാന സർക്കാർ സമയം അനുവദിച്ചിരിക്കുന്നത്.

ഫെബ്രുവരി 20 നകം മസ്റ്ററിങ് നടത്തണം

2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളിൽ മസ്റ്ററിങ് പൂർത്തിയാക്കാത്തവർ അക്ഷയ കേന്ദ്രങ്ങൾ മുഖേന 20 നകം നടത്തണം. കിടപ്പു രോഗികളായ പെൻഷൻ ഗുണഭോക്താക്കൾ ഹോം മസ്റ്ററിങും 20 നകം പൂർത്തിയാക്കണം. ബയോമെട്രിക് മസ്റ്ററിങ് നടത്താൻ കഴിയാതിരുന്നവർക്ക് 28 വരെ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിങ് പൂർത്തിയാക്കാം. മസ്റ്ററിങ് ചെലവ് സർക്കാർ വഹിക്കും.

കെട്ടിടം ആവശ്യമുണ്ട്

തിരുവനന്തപുരം ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഗേൾസ് ഹോമിനായി 4,000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് താല്പര്യമുള്ള കെട്ടിടം ഉടമകളിൽ നിന്ന് താൽപ്പര്യപത്രം ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് സ്റ്റേറ്റ് പ്രോജക്ട്, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന, പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തൽ ബന്ധപ്പെടണം. ഇ-മെയിൽ: സല്യമഹമമൊമസവ്യമ@ഴാമശഹ.രീാ, വെബ്സൈറ്റ്: www.k-er-a-l-a-sam-a-k-hy-a.or-g.

സ്പോട്ട് അഡ്മിഷൻ

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്ക് കോളേജിൽ നടക്കുന്ന ഫൈബർ റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക്ക് സർട്ടിഫിക്കറ്റ് കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ ഫെബ്രുവരി നാലിനു രാവിലെ 11ന് പോളിടെക്നിക്കിൽ നടക്കും. താത്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റ്, റ്റി സി, സ്വഭാവ സർട്ടിഫിക്കറ്റ്, മറ്റ് ആനുകൂല്യങ്ങൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവയുമായി ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471-2360391.

ലൈഫ് മിഷന് ഐക്യദാർഢ്യം; മനസ്സോടിത്തിരി മണ്ണ് നൽകി അടൂർ ഗോപാലകൃഷ്ണൻ

ലൈഫ്മിഷന്റെ ഭാഗമായി ഭൂ-ഭവന രഹിതർക്ക് ഭൂമി ലഭ്യമാക്കാൻ ആരംഭിച്ച "മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിനിൽ ചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണനും പങ്കാളിയായി.

ഭൂ-ഭവന രഹിതരായ പാവങ്ങൾക്ക് ഭൂമി സംഭാവന ചെയ്യാൻ തയ്യാറാവണമെന്നഭ്യർത്ഥിച്ചുകൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്ററുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് അടൂർ ഗോപാലകൃഷ്ണൻ നിറഞ്ഞ മനസ്സോടെ തന്റെ ഭൂമി പങ്കുവെക്കാൻ തീരുമാനിച്ചത്. ഐ പി എസ് ഉദ്യോഗസ്ഥയായി നാഗ്പൂരിൽ ജോലി ചെയ്യുന്ന മകൾ അശ്വതിയോട് അടൂർ ഈ കാര്യം പങ്കുവെച്ചപ്പോൾ മകളും അച്ഛനോടൊപ്പം ചേർന്നു. എത്രയും പെട്ടെന്ന് ഭൂമി നൽകാനുള്ള നടപടികൾ കൈക്കൊള്ളാൻ അശ്വതിയും പറഞ്ഞു. നിറഞ്ഞ മനസ്സോടെ തന്റെ മണ്ണ് പങ്കുവെക്കുന്നുവെന്ന് അറിയിച്ചുള്ള അടൂരിന്റെ ഫോൺ വന്നയുടൻ അദ്ദേഹത്തിന്റെ ആക്കുളത്തെ വീട്ടിലെത്തി മന്ത്രി സംസ്ഥാന സർക്കാരിന് വേണ്ടി നന്ദി അറിയിച്ചു. അടൂർ, ഏറത്ത് പഞ്ചായത്തിലെ തൂവയൂരിലാണ് 13.5 സെന്റ് ഭൂമി മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനിലൂടെ ഭൂ-ഭവന രഹിതർക്ക് അടൂർ ഗോപാലകൃഷ്ണൻ കൈമാറുന്നത്. ഇത് ഭൂദാനമല്ല, എന്റെ മണ്ണിന്റെ പങ്ക് പകുത്ത് നൽകുകയാണെന്നും ഇത് എന്റെ കടമയാണെന്നും അടൂർ ഗോപാലകൃഷ്ണൻ പറഞ്ഞു. ലോകമാകെ ആദരിക്കുന്ന മഹാപ്രതിഭയായ അടൂരിന്റെ തീരുമാനം സംസ്ഥാന സർക്കാരിന് വലിയ പ്രചോദനമാണ് നൽകുന്നതെന്നും ഭൂ-ഭവന രഹിതർക്ക് ഭൂമി ലഭ്യമാക്കാനുള്ള യത്നം സഫലമാക്കാനുള്ള ഊർജ്ജമാണ് ഇത്തരം നിലപാടുകളെന്നും മന്ത്രി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ചലച്ചിത്ര മേഖലയിലും പുറത്തുമുള്ള സുമനസുകൾ "മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിനിൽ പങ്കാളികളാവാൻ മുന്നോട്ടുവന്നാൽ രണ്ടരലക്ഷത്തിലേറെയുള്ള അർഹതയുള്ള ഭൂ-ഭവന രഹിതർക്ക് തലചായ്ക്കാൻ സ്വന്തമായി വീടൊരുക്കാൻ സാധിക്കുമെന്ന് മന്ത്രി വ്യക്തമാക്കി. ലൈഫ്മിഷന്റെ മൂന്നാം ഘട്ടത്തിൽ വൻ ജനകീയ പങ്കാളിത്തത്തോടെ ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നേറുന്നത്.

മസ്റ്ററിങ് നടത്തണം

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്ന 2019 ഡിസംബർ 31 വരെയുള്ള ഗുണഭോക്താക്കളിൽ ഇതുവരെയും മസ്റ്റർ ചെയ്തിട്ടില്ലാത്തവർ ഫെബ്രുവരി 20 ന് മുമ്പ് അക്ഷയ കേന്ദ്രങ്ങൾ വഴി മസ്റ്ററിങ് നടത്തണം. നിലവിൽ ബോർഡ് പെൻഷൻ കൈപ്പറ്റുന്നവർ ഇപ്പോൾ മസ്റ്റർ ചെയ്യേണ്ടതില്ല. മസ്റ്ററിങ് പരാജയപ്പെടുന്നവർ 'മസ്റ്റർ ഫെയിൽഡ്' റിപ്പോർട്ടും ലൈഫ് സർട്ടിഫിക്കറ്റും അതത് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ 2022 ഫെബ്രുവരി 28 ന് മുമ്പ് ഹാജരാക്കേണ്ടതാണെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

പ്രോജക്ട് അസിസ്റ്റന്റ് ഒഴിവ്

കേരള വന ഗവേഷണ സ്ഥാപനത്തിൽ മാർച്ച് 31വരെ കാലാവധിയുള്ളതും ആവശ്യമെങ്കിൽ ദീർഘിപ്പിക്കാവുന്നതുമായ ഒരു സമയബന്ധിത ഗവേഷണ പദ്ധതിയായ "മെയന്റനൻസ് ഓഫ് മ്യൂസിയംസ് ഇൻ കെ.എഫ്.ആർ.ഐ പീച്ചി ക്യാമ്പസ്-സോയിൽ മ്യൂസിയം" ഇ.എസ്.റ്റി.എം. 04 ൽ ഒരു പ്രോജക്ട് അസിസ്റ്റന്റിന്റെ താത്കാലിക ഒഴിവിലേക്ക് നിയമിക്കുന്നതിനായി ഓൺലൈനായി അപേക്ഷ ക്ഷണിച്ചു.

കർഷക കടാശ്വാസ കമ്മീഷൻ സിറ്റിങ്

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ഫെബ്രുവരി 8, 9, 10, 11 തീയതികളിൽ പാലക്കാട് ജില്ലയിലെ അപേക്ഷകരുടെ അപേക്ഷകളിൻമേൽ എറണാകുളം സർക്കാർ അതിഥി മന്ദിരത്തിൽ ഓൺലൈൻ സിറ്റിംഗ് നടത്തും. ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും.

രാവിലെ 10 മണി മുതൽ സിറ്റിംഗ് ആരംഭിക്കും. ഓൺലൈൻ സിറ്റിംഗിൽ പങ്കെടുക്കുന്നതിനായി അപേക്ഷകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്. ഹിയറിംഗിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിൽ കൃത്യ സമയത്ത് ഹാജരാകണം.

സിറ്റിംഗിന് ഹാജരാകുന്നവർ നിർബന്ധമായും കൊവിഡ് 19 മാനദണ്ഡങ്ങൾ പാലിക്കണം.

പോസ്റ്റ് ബേസിക് ബി. എസ്സി നഴ്സിംഗ് ഡിഗ്രി പ്രവേശനം- സ്പെഷ്യൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ കോളേജുകളിൽ 2021-22 വർഷത്തെ പോസ്റ്റ് ബേസിക് ബി.എസ്സി നഴ്സിംഗ് ഡിഗ്രി കോഴ്സിൽ പ്രവേശനത്തിന് അപേക്ഷിച്ച് ഓപ്ഷനുകൾ സമർപ്പിച്ചവരുടെ സ്പെഷ്യൽ അലോട്ട്മെന്റ് ംം.ഹയരെലദ്യേല.സല്യമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ വെബ്സൈറ്റിൽ നിന്നും പ്രിന്റൗട്ടെടുത്ത ഫീ പെയ്മെന്റ് സ്ലിപ്പ് മുഖേന ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖകളിലൂടെയോ അല്ലെങ്കിൽ ഓൺലൈനായോ ഫെബ്രുവരി 7 നകം ഫീസ് ഒടുക്കിയശേഷം അലോട്ട്മെന്റ് മെമ്മോ സഹിതം അതത് കോളേജുകളിൽ പ്രവേശനം നേടണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2560363, 364.

നിയമസഹായം നൽകും

തിരുവനന്തപുരം വിതുരയിലെ ആദിവാസി ഊരിൽ പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികളെ ഭീഷണിപ്പെടുത്തി ശാരീരികമായി പീഡിപ്പിച്ച സംഭവത്തിൽ ഇരകൾക്ക് ജില്ലാ നിയമസേവന അതോറ്റി നിയമ സഹായം ചെയ്യും. ഇരകൾക്ക് താത്കാലിക വിക്ടിം കോമ്പൻസേഷൻ ലഭ്യമാക്കുന്നതിന് കോടതിയെ സമീപിക്കുന്നതിനും മറ്റു നിയമ സഹായങ്ങൾക്കും ലീഗൽ സർവീസസ് അതോറിറ്റി അഭിഭാഷകരെ നിയമിക്കും. പീഡനത്തിനിരയായ പെൺകുട്ടികളെ ജില്ലാ ചൈൽഡ് വെൽഫയർ കമ്മറ്റിയുടെ നിർദ്ദേശപ്രകാരം തിരുവനന്തപുരം വിമൻ ആന്റ് ചിൽഡ്രൻസ് ഹോമിലാണ് ഇപ്പോൾ താമസിപ്പിച്ചിരിക്കുന്നത്.

പരീക്ഷ റദ്ദാക്കി

സാങ്കേതിക പരീക്ഷാ കൺട്രോളർ 2022 ജനുവരി 24 ന് നടത്തിയ നാലാം സെമസ്റ്റർ സിവിൽ എൻജിനിയറിങ് ഡിപ്ലോമ പരീക്ഷ (ടൗയഷലരേ ഇീറല ഠജ്ഞ (15) 4013 ഝൗമിശ്യേ ടൗ്ല്യശിഴ 1) റദ്ദാക്കി. പരീക്ഷ ഫെബ്രുവരി 10 ന് രാവിലെ 10 മുതൽ 12 വരെ നടത്തും.

വാക്-ഇൻ-ഇന്റർവ്യൂ

സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ തിരുവനന്തപുരം മേഖലാ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒരു താത്കാലിക ഒഴിവിലേക്ക് ഫെബ്രുവരി 10ന് വാക്-ഇൻ-ഇന്റർവ്യൂ നടത്തും. കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് നിയമനം. യോഗ്യത പത്താംക്ലാസ് അല്ലെങ്കിൽ തത്തുല്യം. പരിചയ സമ്പന്നർക്കും ഇരുചക്ര വാഹന ലൈസൻസ് ഉള്ളവർക്കും മുൻഗണന. മാസവേതനം 12,000 രൂപ. പ്രായം 2022 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. സംവരണാനുക

2022ലെ റിപ്പബ്ലിക് ദിന പരേഡിൽ മികച്ച നിശ്ചല ദൃശ്യമായി ഉത്തർപ്രദേശിനെ തിരഞ്ഞെടുത്തു

ഡൽഹി : 2022ലെ റിപ്പബ്ലിക് ദിന പരേഡിലെ മികച്ച നിശ്ചല ദൃശ്യങ്ങൾ , മികച്ച മാർച്ചിംഗ് സംഘം എന്നിവയുടെ ഫലങ്ങൾ പ്രഖ്യാപിച്ചു. മൂന്ന് സേനാവിഭാഗങ്ങൾ, സിഎ പി എഫ് /മറ്റ് അനുബന്ധ സേനകൾ, വിവിധ സംസ്ഥാനങ്ങൾ/ കേന്ദ്ര ഭരണപ്രദേശങ്ങൾ,കേന്ദ്ര മന്ത്രാലയങ്ങൾ/ വകുപ്പുകൾ എന്നിവയിൽ നിന്നുള്ള മാർച്ചിംഗ് സംഘങ്ങളുടെ പ്രകടനം വിലയിരുത്തുന്നതിന് വിധികർത്താക്കളുടെ മൂന്ന് പാനലുകളെ നിയോഗിച്ചിരുന്നു.

പാനലുകളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ, മൂന്ന് സേനകളിൽ ഏറ്റവും മികച്ച മാർച്ചിംഗ് സംഘമായി,ഇന്ത്യൻ നാവികസേനയുടെ മാർച്ചിംഗ് സംഘത്തെ തിരഞ്ഞെടുത്തു. സി എ പി എഫ് /മറ്റ് അനുബന്ധ സേനകളിൽ ഏറ്റവും മികച്ച മാർച്ചിംഗ് സംഘമായി സി ഐ എസ് എഫ് തിരഞ്ഞെടുക്കപ്പെട്ടു.

റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്ത 12 സംസ്ഥാനങ്ങൾ/ കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവയിൽ നിന്നും ഉത്തർപ്രദേശിന്റെ നിശ്ചല ദൃശ്യം മികച്ചതായി തിരഞ്ഞെടുക്കപ്പെട്ടു.

കേന്ദ്ര മന്ത്രാലയങ്ങൾ/വകുപ്പുകളുടെ വിഭാഗത്തിൽ വിദ്യാഭ്യാസ മന്ത്രാലയത്തിന്റെയും വ്യോമയാന മന്ത്രാലയത്തിന്റെയും നിശ്ചല ദൃശ്യങ്ങളെ സംയുക്തമായി ഏറ്റവും മികച്ചതായി പ്രഖ്യാപിച്ചു. കേന്ദ്ര മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും ഒമ്പത് നിശ്ചലദൃശ്യങ്ങൾ പരേഡിൽ പങ്കെടുത്തിരുന്നു.

പ്രത്യേക സമ്മാന വിഭാഗത്തിൽ,ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ (ഇജണഉ) നിശ്ചല ദൃശ്യം തിരഞ്ഞെടുത്തു.

കൂടാതെ, ആദ്യമായി, ഒ്യഏ്ീ പ്ലാറ്റ്ഫോമിലൂടെ, ജനപ്രിയ വിഭാഗത്തിലേക്ക് മികച്ച മാർച്ചിംഗ് സംഘത്തെയും മികച്ച നിശ്ചലദൃശ്യത്തെയും തെരഞ്ഞെടുക്കുന്നതിന് വോട്ടുചെയ്യാൻ പൊതുജനങ്ങൾക്ക് അവസരമുണ്ടായിരുന്നു . 2022 ജനുവരി 25 മുതൽ 31 വരെയായിരുന്നു ഓൺലൈൻ വോട്ടെടുപ്പ്.

ജനപ്രിയ തിരഞ്ഞെടുപ്പ് അനുസരിച്ച്, മൂന്ന് സേനാവിഭാഗങ്ങളിൽ ഏറ്റവും മികച്ച മാർച്ചിംഗ് സംഘമായി ഇന്ത്യൻ വ്യോമസേനയുടെ മാർച്ചിംഗ് സംഘം തിരഞ്ഞെടുക്കപ്പെട്ടു.

സിഎപിഎഫ് /മറ്റ് അനുബന്ധ സേനകളിൽ ഏറ്റവും മികച്ച മാർച്ചിംഗ് സംഘമെന്ന നിലയിൽ ഒ്യഏ്ീ വഴി ഏറ്റവുമധികം വോട്ടുകൾ ലഭിച്ചത് സിആർപിഎഫ് നാണ് . ജനപ്രിയ വിഭാഗത്തിൽ സംസ്ഥാനങ്ങൾ/ കേന്ദ്രഭരണപ്രദേശങ്ങൾക്കിടയിൽ ഏറ്റവും മികച്ച നിശ്ചലദൃശ്യം ആയി മഹാരാഷ്ട്ര തിരഞ്ഞെടുക്കപ്പെട്ടു.

സപ്ലൈകോ പുറത്തിറക്കിയ 'ട്രാക് സപ്ലൈകോ', 'ഫീഡ് സപ്ലൈകോ' എന്നീ മൊബൈൽ ആപ്പുകളുടെ ഉദ്ഘാടനം ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ നിർവഹിക്കുന്നു.

കോവിഡ് വ്യാപനത്തോത് കുറയുന്നു

സംസ്ഥാനത്തെ കോവിഡ് വ്യാപനത്തോത് കുറയുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ജനുവരി ആദ്യ ആഴ്ചയിൽ 45 ശതമാനവും രണ്ടാം ആഴ്ചയിൽ 148 ശതമാനവും മൂന്നാം ആഴ്ചയിൽ 215 ശതമാനവും ആയി കേസുകൾ വർധിച്ചിരുന്നു. എന്നാൽ നാലാം ആഴ്ചയിൽ 71 ശതമാനമായി കുറഞ്ഞിരുന്നു. ജനുവരി 28 മുതൽ ഫെബ്രുവരി മൂന്ന് വരെയുള്ള കണക്കനുസരിച്ച് 10 ശതമാനമായി കുറഞ്ഞു. ഐസിയു വെന്റിലേറ്റർ ഉപയോഗവും കുറഞ്ഞിട്ടുണ്ട്. നിലവിൽ 3,66,120 കോവിഡ് കേസുകളിൽ, 2.9 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. ചികിത്സയിലുണ്ടായിരുന്നതിൽ 0.9 ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും 0.4 ശതമാനം പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നതെന്നും മന്ത്രി വ്യക്തമാക്കി. മാധ്യമ പ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ വാക്സിനേഷൻ നല്ല രീതിയിൽ പുരോഗമിക്കുന്നു. 15 മുതൽ 17 വയസു വരെ 73 ശതമാനം പേർ (11,36,374) വാക്സിനെടുത്തിട്ടുണ്ട്. രണ്ടാം ഡോസ് വാക്സിനേഷൻ തിങ്കളാഴ്ച ആരംഭിച്ചു. 2.3 ശതമാനമാണ് രണ്ടാം ഡോസ് വാക്സിനേഷൻ (35,410). 18 വയസിന് മുകളിൽ ആദ്യ ഡോസ് 100 ശതമാനവും രണ്ടാം ഡോസ് വാക്സിനേഷൻ 85 ശതമാനവുമാണ്. കരുതൽ ഡോസ് 40 ശതമാനമാണ് (6,59,565).

ആരോഗ്യ വകുപ്പ് കേരള ക്യാൻസർ രജിസ്ട്രിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതുസംബന്ധിച്ച സോഫ്റ്റുവെയർ ഇ-ഹെൽത്ത് വികസിപ്പിച്ചുവരുന്നു. ജനസംഖ്യാടിസ്ഥാനത്തിൽ മൂന്ന് മേഖലകളായി തിരിച്ചാണ് ക്യാൻസർ രജിസ്ട്രി തയ്യാറാക്കുന്നത്. ആർസിസി, സിസിസി, എംസിസി എന്നിവ കേന്ദ്രീകരിച്ചായിരിക്കും രജിസ്ട്രിയുടെ ഏകോപനം. 2030 ഓടെ ക്യാൻസർ രോഗമുക്തി നിരക്ക് വർധിപ്പിക്കുക എന്നതാണ് ലക്ഷ്യം. ക്യാൻസർ ചികിത്സാ ചെലവും ഗണ്യമായി കുറയ്ക്കാനാകും. ആരോഗ്യ പ്രവർത്തകർക്ക് ക്യാൻസർ രജിസ്ട്രി സംബന്ധിച്ച് പരിശീലനം നൽകും.

കോവിഡ് മരണം സംബന്ധിച്ചുള്ള പരാമർശം ദൗർഭാഗ്യകരമാണ്. ഈ മഹാമാരിക്കാലത്ത് ഇത്തരത്തിലുള്ള പരാമർശങ്ങൾ പാടില്ല. കോവിഡ് പ്രതിരോധത്തിന് ആരോഗ്യ വകുപ്പ് കൃത്യമായ പദ്ധതി ആവിഷ്ക്കരിച്ചു. ഐസിയു, വെന്റിലേറ്റർ, ഓക്സിജൻ എന്നിവ വലിയ തോതിൽ വർധിപ്പിച്ചു. വാക്സിനേഷനിൽ വലിയ പുരോഗതി കൈവരിച്ചു. രോഗ ലക്ഷണമുള്ളവർക്ക് പരിശോധന നടത്തുന്നതിനാലാണ് ടിപിആർ ഉയർന്ന് നിൽക്കുന്നത്. ടെസ്റ്റ് പെർ മില്യണിൽ കേരളമാണ് മുന്നിൽ.

സുപ്രീം കോടതി നിർദേശ പ്രകാരം കോവിഡ് വന്ന് മരണമടഞ്ഞവർക്ക് ധനസഹായം പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ പരമാവധി ആളുകൾക്ക് സഹായകരമായ നിലപാടാണ് സംസ്ഥാനം സ്വീകരിച്ചത്. ദേശീയ തലത്തിലും മറ്റ് സംസ്ഥാനങ്ങളിലും മരണ നിരക്ക് ഇപ്പോഴും കേരളത്തേക്കാൾ വളരെ ഉയരെയാണ്. ഇന്ത്യയിലെ മരണ നിരക്ക് 1.4 ശതമാനമാണ്. മഹാരാഷ്ട്രയിൽ 1.83 ശതമാനവും ഡൽഹിയിൽ 1.41 ശതമാനവും കർണാടകയിൽ 1.01 ശതമാനവുമാണ് മരണ നിരക്ക്. അതേസമയം കേന്ദ്ര മാർഗനിർദേശങ്ങളനുസരിച്ച് മരണങ്ങൾ കൂട്ടിച്ചേർത്തിട്ട് പോലും സംസ്ഥാനത്തെ നിലവിലെ മരണ നിരക്ക് 9 ശതമാനം മാത്രമാണ്. പഴയ മരണങ്ങൾ കൂട്ടിച്ചേർക്കാതിരുന്നാൽ 5 ശതമാനം മാത്രമാണ്. അതിനാൽ സംസ്ഥാനത്ത് കോവിഡ് മരണ നിരക്ക് ഒരു സമയത്തും ക്രമാതീതമായി ഉയർന്നിട്ടില്ല.

കേരളം വളരെ സുതാര്യമായാണ് കോവിഡ് മരണം റിപ്പോർട്ട് ചെയ്യുന്നത്. കേന്ദ്ര മാർഗനിർദേശമനുസരിച്ച് ഓൺലൈനായി മരണം റിപ്പോർട്ട് ചെയ്യുന്ന ഏക സംസ്ഥാനം കൂടിയാണ് കേരളം. ഇക്കാര്യത്തിൽ കേരളത്തെ സുപ്രീം കോടതി കോടതി പ്രശംസിക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

പ്രവാസികൾക്ക് ക്വാറൻറൈൻ ഒഴിവാക്കി

തിരുവനന്തപുരം: നാട്ടിലേക്ക് തിരിച്ചെത്തുന്ന പ്രവാസികളെയും രാജ്യാന്തര യാത്രികരെയും കോവിഡ് രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ മാത്രം പരിശോധിച്ചാൽ മതിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന കോവിഡ് അവലോകന യോഗത്തിൽ തീരുമാനം. രോഗലക്ഷണമുള്ളവർക്ക് മാത്രമേ സമ്പർക്ക വിലക്ക് ആവശ്യമുള്ളൂ. രാജ്യാന്തര യാത്രികർ യാത്ര കഴിഞ്ഞതിൻറെ എട്ടാമത്തെ ദിവസം ആർടിപിസിആർ പരിശോധന ചെയ്യണമെന്ന നിലവിലെ മാനദണ്ഡം മാറ്റണമെന്ന ആരോഗ്യവിദഗ്ധ സമിതിയുടെ നിർദേശം യോഗം അംഗീകരിക്കുകയായിരുന്നു. വിമാനത്താവളങ്ങളിൽ റാപ്പിഡ് ടെസ്റ്റ് ഉൾപ്പെടെയുള്ള ടെസ്റ്റുകൾക്ക് അന്യായമായ നിരക്ക് ഈടാക്കാൻ പാടില്ല

ഒവൈസിക്കു നേരെ ഉണ്ടായ ആക്രമണം: അമിത് ഷാ പാർലമെൻറിൽ മറുപടി നൽകും

ന്യൂഡൽഹി: ഓൾ ഇൻഡ്യ മജിലിസെ ഇത്തിഹാദുൽ മുസ്ലിമീൻ (എഐഎംഐഎം) നേതാവും എംപിയുമായ അസദുദ്ദീൻ ഒവൈസിക്കു നേരെ ഉണ്ടായ ആക്രമണത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പാർലമെൻറിൽ മറുപടി നൽകും. ഫെബ്രുവരി ഏഴിനാണ് അമിത് ഷാ വിശദീകരണം നൽകുന്നത്.

അതേസമയം കേന്ദ്രസർക്കാർ ഏർപ്പാടാക്കിയ ഇസഡ് കാറ്റഗറി സുരക്ഷ ഒവൈസി നിരസിച്ചു. തനിക്കുനേരെ വെടിയുതിർത്തവർക്കെതിരെ ഭീകരവാദ വിരുദ്ധ നിയമപ്രകാരം കേസെടുക്കണമെന്നും ഒവൈസി ആവശ്യപ്പെട്ടു.

വ്യാഴാഴ്ചയാണ് ഒവൈസി സഞ്ചരിച്ചിരുന്ന കാറിന് നേരെ വെടിവയ്പ്പുണ്ടായത്. തുടർന്ന് നടത്തിയ അവലോകന യോഗത്തിലാണ് കേന്ദ്ര റിസർവ് പോലീസ് ഫോഴ്സിൻറെ (സിആർപിഎഫ്) ഇസഡ് കാറ്റഗറി സുരക്ഷ അദ്ദേഹത്തിന് നൽകാൻ സർക്കാർ തീരുമാനിച്ചത്.

ഉത്തർപ്രദേശിലെ മീററ്റിൽനിന്നും ഡൽഹിക്കു മടങ്ങുമ്പോളാണ് ഒവൈസിയുടെ കാറിനു നേരെ അജ്ഞാതർ വെടിയുതിർത്തത്. ആക്രമണത്തിൽ കാറിൻറെ ടയറുകൾ പൊട്ടി. എന്നാൽ ആർക്കും പരിക്കില്ല.

ഡൽഹിമീററ്റ് എക്സ്പ്രസ് വേയിൽ ഗൗതംബുദ്ധ നഗറിലെ ചിജാർസി ടോൾ പ്ലാസയ്ക്കു സമീപമായിരുന്നു ആക്രമണം ഉണ്ടായത്. അക്രമികൾ കാറിനു നേരെ നാല് തവണ വെടിയുതിർത്തു. അക്രമികൾ മൂന്നോ നാലോ പേരുണ്ടായിരുന്നതായി ഒവൈസി പറഞ്ഞു.

അതേസമയം, സംഭവത്തിൽ രണ്ടുപേരെ പോലീസ് പിടികൂടി. നോയിഡ സ്വദേശി സച്ചിൻ, സഹരൻപുർ സ്വദേശി ശുഭം എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. ഇവരുടെ പക്കൽ നിന്നും പോലീസ് പിസ്റ്റൾ പിടിച്ചെടുത്തു.

യുപിയിൽ മൂന്നൂറിലധികം സീറ്റുകൾ നേടി ബിജെപി അധികാരത്തിലെത്തുമെന്ന് അമിത് ഷാ

ലക്നോ: ഉത്തർപ്രദേശ് നിയമസഭ തെരഞ്ഞെടുപ്പിൽ ബിജെപി മൂന്നൂറിലധികം സീറ്റ് നേടുമെന്ന അവകാശവാദവുമായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഉത്തർപ്രദേശിൽ മാഫിയാ ഭരണത്തെ തകർക്കാൻ യോഗി ആദിത്യനാഥിന് ആയെന്നും അമിത് ഷാ അവകാശപ്പെട്ടു.

അതേസമയം അമിത് ഷായുടെ സാന്നിധ്യത്തിൽ ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് നാമനിർദേശ പത്രിക സമർപ്പിച്ചു. ആദ്യമായാണ് യോഗി നിയമസഭയിലേക്ക് മത്സരിക്കുന്നത്. ഗോരഖ്പൂരിൽ നിന്നാണ് യോഗി ജനവിധി തേടുന്നത്.

അഞ്ച് തവണ എംപിയായ അദ്ദേഹം പ്രധാന പുരോഹിതനായി തുടരുന്ന ഗോരഖ്നാഥ് ക്ഷേത്രത്തിൽ പ്രാർഥിക്കുകയും പൂജ നടത്തുകയും ചെയ്തു. ഇതിനു ശേഷം നിരവധി ബിജെപി നേതാക്കളും അണികളുമായി ശക്തിപ്രകടനമായാണ് പത്രിക സമർപ്പിക്കാനായി എത്തിയത്. അമിത് ഷായും യോഗിക്കൊപ്പം ശക്തിപ്രകടനത്തിൽ അണിചേർന്നു.

കിഴക്കൻ ഉത്തർപ്രദേശിലെ ഗോരഖ്പൂർ യോഗി ആദിത്യനാഥിൻറെ ശക്തികേന്ദ്രമാണ്. അദ്ദേഹം മത്സരിച്ച ലോക്സഭാ തെരഞ്ഞെടുപ്പിലെല്ലാം ഇവിടെനിന്ന് ജയിച്ചുകയറനായിരുന്നു. ഗോരഖ്പുരിൽ യോഗിക്ക് ഇതുവരെ വലിയ വെല്ലുവിളി ഉയർത്താൻ കഴിയുന്ന എതിരാളികൾ എത്തിയിട്ടില്ല. ഭീം ആർമിയുടെ ചന്ദ്രശേഖർ ആസാദ് മാത്രമാണ് ഗോരഖ്പുരിൽ മത്സരിക്കുമെന്ന് പ്രഖ്യാപിച്ചത്. സമാജ്വാദി പാർട്ടി ഇതുവരെ യോഗിക്കെതിരെ സ്ഥാനാർഥിയെ പ്രഖ്യാപിച്ചിട്ടില്ല.

പ്രവാസി സംരംഭകർക്ക് നോർക്ക സൗജന്യ പരിശീലന പരിപാടി

പുതിയതായി സംരംഭം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രവാസികൾക്കും വിദേശത്ത് നിന്ന് തിരികെ എത്തിയവർക്കുമായി നോർക്കാ ബിസിനസ്സ് ഫെസിലേറ്റേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ സൗജന്യ ഏകദിന സംരംഭകത്വ പരിശീലന പരിപാടി ഫെബ്രുവരി 17 ന് എറണാകുളത്ത് സംഘടിപ്പിക്കും. തൃശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലകളിലുള്ളവർക്ക് മുൻഗണനയുണ്ടായിരിക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫെബ്രുവരി 14 ന് മുൻപ് എൻ ബി എഫ് സി യിൽ രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 0471-2770534 .

അപേക്ഷാ തീയതി നീട്ടി

എട്ടാം ക്ലാസ് വിദ്യാർഥികൾക്കായുള്ള 2021-22 അധ്യയന വർഷത്തെ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഫെബ്രുവരി ഏഴ് വൈകിട്ട് അഞ്ച് വരെ ദീർഘിപ്പിച്ചു. അപേക്ഷകളിൽ പ്രഥമാധ്യാപകൻ വെരിഫിക്കേഷൻ പൂർത്തീകരിക്കേണ്ട അവസാന തീയതി ഫെബ്രുവരി ഒമ്പത് ആണ്.

യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷിക്കാം

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിൽ എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് നടത്തുന്ന യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് ഫെബ്രുവരി 15 വരെ അപേക്ഷിക്കാം. പത്താം ക്ലാസ്സ് ആണ് യോഗ്യത. ആറ് മാസമാണ് കോഴ്സിന്റെ ദൈർഘ്യം. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും നന്ദാവനം പോലീസ് ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്.ആർ.സി ഓഫീസിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 04712325101, വേബേ:/ി/ൃരരര.ശി/റീിഹീമറ

സമഗ്ര ശിക്ഷാ കേരളയിൽ കരാർ കൺസൾട്ടന്റ്

സമഗ്ര ശിക്ഷാ കേരളം സ്റ്റേറ്റ് പ്രൊജക്ട് ഓഫിസിലേക്ക് കൺസൾട്ടന്റുമാരുടെ രണ്ട് ഒഴിവുകളിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്ലാനിങ്, പെഡഗോജി വിഭാഗങ്ങളിലാണ് ഒഴിവുകൾ. യോഗ്യതാ മാനദണ്ഡങ്ങളടക്കമുള്ള വിവരങ്ങൾ ീീീ.മൈസല്യമഹമ.ശി ൽ ലഭിക്കും. ബയോഡാറ്റയും പൂരിപ്പിച്ച അപേക്ഷയും സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള (എസ്.എസ്.കെ), സ്റ്റേറ്റ് പ്രൊജക്ട് ഓഫിസ്, നന്ദാവനം, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം - 695 033 എന്ന വിലാസത്തിൽ ഫെബ്രുവരി 15ന് വൈകിട്ട് അഞ്ചിനകം ലഭിക്കണം.

യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാം

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് ജനുവരി സെഷനിൽ നടത്തുന്ന യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് ഫെബ്രുവരി 15 വരെ അപേക്ഷിക്കാം. പത്താം ക്ലാസ്സ് പാസായവരാകണം. യോഗദർശനത്തിലും, യോഗാസന പ്രാണായാമ പദ്ധതികളിലും സാമാന്യ ജ്ഞാനം ലഭിക്കുന്ന തരത്തിലാണ് പ്രോഗ്രാം ചിട്ടപ്പെടുത്തിയിട്ടുള്ളത്. ആറുമാസം ദൈർഘ്യമുള്ള പ്രോഗ്രാമിന്റെ തിയറി പ്രാക്ടിക്കൽ ക്ലാസ്സുകൾ അംഗീകൃത പഠനകേന്ദ്രങ്ങളുടെ സഹായത്തോടെയാണ് നടത്തുന്നത്. അപേക്ഷാഫോമും പ്രോസ്പെക്ടസും തിരുവനന്തപുരത്ത് നന്ദാവനം പോലീസ് ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്.ആർ.സി ഓഫീസിൽ ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം-33. ഫോൺ: 0471 2325101. .

കെ റെയിൽ: സാമൂഹിക ആഘാത പഠനത്തിനാണ് കല്ലിടുന്നതെന്ന് കോടിയേരി

തിരുവനന്തപുരം: കെ റെയിൽ പദ്ധതി കേന്ദ്രത്തിൻറെ പരിഗണനയിലെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. കെ റെയിലിൻറെ സാമൂഹിക ആഘാത പഠനത്തിനാണ് കല്ലിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

സ്ഥലം ഏറ്റെടുത്താൽ മാത്രമേ വായ്പ എടുക്കാൻ കഴിയൂ. കേന്ദ്രം അനുമതി നിഷേധിച്ചു എന്നത് വസ്തുതാപരമല്ല. പദ്ധതിയെക്കുറിച്ച് ബിജെപിയും കോൺഗ്രസും നിലപാട് മാറ്റണമെന്നും എല്ലാവരുമായും ചർച്ചയ്ക്ക് തയാറെന്നും കോടിയേരി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കേന്ദ്ര ബജറ്റിൽ കേരളത്തെ അവഗണിച്ചുവെന്നും കോടിയേരി പറഞ്ഞു. കേരളവും ഇന്ത്യയുടെ ഭാഗമെന്ന് അംഗീകരിക്കാത്ത രീതിയാണിത്. പ്രത്യേക പാക്കേജ് വേണമെന്ന ആവശ്യം അംഗീകരിച്ചില്ല. പാലക്കാട് കോച്ച് ഫാക്ടറി ചർച്ച ചെയ്യാൻ പോലും തയാറല്ല.

സംസ്ഥാന വിഹിതം അപര്യാപ്തമാണ്. ജിഎസ്ടി നഷ്ടപരിഹാരം അഞ്ച് വർഷം കൂടി നീട്ടണമെന്ന ആവശ്യം അംഗീകരിച്ചിട്ടില്ല. കേന്ദ്ര നിലപാട് തിരുത്താൻ എംപിമാരും ബിജെപി സംസ്ഥാന ഘടകവും സമർദ്ദം ചെലുത്തണമെന്നും കോടിയേരി പറഞ്ഞു.

കോവിഡിൻറെ പശ്ചാത്തലത്തിൽ ആരോഗ്യമേഖലയിൽ കൂടുതൽ ജീവനക്കാരെ താത്കാലികമായി നിയമിക്കണം. ലോകായുക്ത നിയമാനുസൃതമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. മന്ത്രി ബിന്ദു തെറ്റ് ചെയ്തിട്ടില്ലെന്ന് ലോകായുക്തക്ക് വ്യക്തമായി.

ലോകായുക്തയുടെ വിധി സ്വാഗതാർഹമാണ്. ലോകായുക്തയുടെ മുന്നിൽ വരുന്ന ഒരു വിധിയും തടയുന്ന നീക്കം പുതിയ ഭേദഗതിയിൽ ഇല്ലെന്നും കോടിയേരി കൂട്ടിച്ചേർത്തു.

കെ റെയിൽ; നിലവിൽ ഭൂമി ഏറ്റെടുക്കാനാവില്ലെന്ന് കേന്ദ്രം

ന്യൂഡൽഹി: കെ റെയിൽ പദ്ധതിക്കായി നിലവിൽ ഭൂമി ഏറ്റെടുക്കാനാവില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. അന്തിമ ലൊക്കേഷൻ സർവേ, ലാൻറ് പ്ലാൻ അനുമതി എന്നിവ ഇല്ലാതെ ഭൂമി ഏറ്റെടുക്കാൻ കഴിയില്ല. പദ്ധതിയിലെ ഗുരുതരമായ പിഴവുകൾ ഇ.ശ്രീധരൻ ചൂണ്ടിക്കാട്ടിയതായും കേന്ദ്രമന്ത്രി ട്വീറ്റ് ചെയ്തു.

കേന്ദ്രമന്ത്രി വി. മുരളീധരൻ, ഇ.ശ്രീധരൻ, കെ. സുരേന്ദ്രൻ, കുമ്മനം രാജശേഖരൻ, പി.കെ. കൃഷ്ണദാസ് തുടങ്ങിയവരുൾപ്പെടുന്ന ബിജെപിയുടെ പ്രതിനിധി സംഘമാണ് വെള്ളിയാഴ്ച ഉച്ചയ്ക്ക് കേന്ദ്രമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്.

റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിനെ ആശങ്കകൾ അറിയിച്ചെന്ന് കേന്ദ്രമന്ത്രി വി. മുരളീധരൻ കൂടിക്കാഴ്ചയ്ക്ക് ശേഷം പ്രതികരിച്ചിരുന്നു. ഭൂമിയേറ്റെടുക്കാനുള്ള അനുമതിയില്ലെന്ന് റെയിൽവേമന്ത്രി പറഞ്ഞതായി വി. മുരളീധരൻ വ്യക്തമാക്കി.

ലോകായുക്ത: ജലീലിനെ തള്ളി കോടിയേരി

തിരുവനന്തപുരം: ലോകായുക്ത വിവാദത്തിൽ കെ.ടി. ജലീലിനെ തള്ളി സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. ജലീലിൻറെ അഭിപ്രായം വ്യക്തിപരമാണ്. അഭിപ്രായം പറയാൻ അദ്ദേഹത്തിന് സ്വാതന്ത്ര്യമുണ്ട്. ജലീൽ പറയുന്നത് സിപിഎമ്മിൻറെ അഭിപ്രായമല്ലെന്നും അദ്ദേഹം പറഞ്ഞു.

ലോകായുക്തക്കെതിരെ സിപിഎം ഒരു ഘട്ടത്തിലും ആരോപണം ഉന്നയിച്ചിട്ടില്ല. ലോകായുക്ത ഓർഡിനൻസ് മന്ത്രിസഭയിൽ ചർച്ച ചെയ്തപ്പോൾ സിപിഐക്ക് എതിർപ്പ് രേഖപ്പെടുത്താമായിരുന്നു.

പുനെയിലെ കെട്ടിടം തകർന്ന് മരിച്ചവരുടെ കുടുംബത്തിന് ധനസഹായം

മുംബൈ: പുനെയിൽ നിർമാണത്തിലിരുന്ന കെട്ടിടം തകർന്ന് വീണ് മരിച്ചവരുടെ കുടുംബത്തിന് ധനസഹായം പ്രഖ്യാപിച്ച് മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാർ. അഞ്ച് ലക്ഷം രൂപയാണ് പ്രഖ്യാപിച്ചിരിക്കുന്നത്.

സംഭവത്തിൽ വിശദമായ അന്വേഷണം നടത്താനും അജിത് പവാർ നിർദേശിച്ചു. അപകടത്തിൽ നിരവധി പേർക്ക് പരിക്കേറ്റിരുന്നു. യേർവാഡയിലെ ശാസ്ത്രി നഗറിലാണ് അപകടം ഉണ്ടായത്.

കൃത്യമായ സുരക്ഷാക്രമീകരണങ്ങൾ പാലിക്കാത്തതിനാലാണ് അപകടം സംഭവിച്ചതെന്നാണ് പ്രാഥമിക നിഗമനം.

നഷ്ടപ്പെട്ടു

Bijeesh Babu എന്ന എന്റെ പേരിലുള്ള **J2936431** എന്ന നമ്പറിലുള്ള പാസ്സ്പോർട്ട് വഴിയാത്രയ്ക്കിടയിൽ നഷ്ടപ്പെട്ടുപോയി.

കണ്ടുകിട്ടുന്നവർ ദയവായി 9747666937 എന്ന നമ്പറിൽ ബന്ധപ്പെടുക.

Edited, Printed, Published & owned by Yesudas William, `Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.